I.ഇ.ബി. XIIകേരള നിയമസഭ/VIII-9

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 7,തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

പതിനൊന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 31-01-2003-ന് മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത 551-ാം നമ്പർ ചോദ്യത്തിന്റെയും പതിനൊന്നാം സമ്മേളത്തിൽ 28-02-2005-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 1262-ാം നമ്പർ ചോദ്യത്തിന്റെയും തിരുത്തിയ ഉത്തരങ്ങൾ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തിരപ്രമേയം**

ബിജുവിന്റെ കൊലപാതകം

മി. സ്പീക്കർ : കൊടുങ്ങല്ലൂരിൽ ബി.ജെ.പി അക്രമത്തിൽ ഡി.വൈ. എഫ്.ഐ. പ്രവർത്തകനായ ബിജു കൊല്ലപ്പെടാനുണ്ടായ സാഹചര്യവും ഗുരുദേവ പ്രതിമയ്ക്കും മാധ്യമപ്രവർത്തകർക്കും നേരെയുണ്ടായ അക്രമവും സംഘർഷാവസ്ഥയുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതി

വിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി.എൻ. പ്രതാപൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :</u> തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള കരിച്ചാകുളം എന്ന സ്ഥലത്ത് വച്ച് ഡി.വൈ.എഫ്.ഐ-യുടെ കൊടുങ്ങല്ലൂർ മുനിസിപ്പൽ കമ്മിറ്റി പ്രസിഡന്റ് ബിജുവിനെ 30-06-2008 -ന് വൈകുന്നേരം നാല് മണിയോടുകൂടി ആർ.എസ്.എസ്-ബി.ജെ.പി. വിഭാഗത്തിൽപ്പെട്ടവർ രാഷ്ട്രീയ വിരോധംമൂലം മാരകായുധങ്ങൾ കൊണ്ട് അടിച്ചും വെട്ടിയും പരിക്കേൽപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾ പ്രകാരം ക്രൈം 667/08 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് മാള സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിൽസയിലായിരുന്ന ബിജു 2-07-2008-ന് മരണപ്പെട്ടു. മരണവാർത്തയറിഞ്ഞ് ഡി.വൈ.എഫ്.ഐ, സി.പി.ഐ.(എം) പ്രവർത്തകർ കൊടുങ്ങല്ലൂരിൽ വാഹന ഗതാഗതം സ്തംഭിപ്പിക്കുകയും സ്ഥാപനങ്ങൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്തതിനെതിരെ കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊലപാതകത്തിൽ പ്രതിഷേധിച്ച് സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ. പ്രവർത്തകർ 3-07-2008-ൽ കൊടുങ്ങല്ലൂരിൽ നടത്തിയ ഹർത്താലിനോടനുബന്ധിച്ച് വാഹനങ്ങൾക്കും സ്ഥാപനങ്ങൾക്കും നേരെ കല്ലേറ് നടത്തി ധാരാളം നാശനഷ്ടങ്ങളുണ്ടാക്കിയതായി പരാതി ലഭിച്ചിട്ടുണ്ട്. കല്ലേറിൽ

ശ്രീനാരായണ ഗുരുദേവന്റെ പ്രതിമയ്ക്ക് ചുറ്റും സ്ഥാപിച്ചിരുന്ന ചില്ല് പൊട്ടി യതായ ആക്ഷേപവും ലഭിച്ചിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട് കൊടു ങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 679/08 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രതിയായ നിഷാദിനെ 4-7-2008-ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് അനിഷ്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് 9 സി.പി.ഐ (എം) പ്രവർത്തകരേയും 5 ബി.ജെ.പി പ്രവർത്തകരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള പൊലീസ് സന്നാഹം സംഭവ സ്ഥലത്തെ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. സമാധാന യോഗം വിളിച്ചു കൂട്ടാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുക്കു കയും കൊടുങ്ങല്ലൂർ മതിലകം പോലീസ് സ്റ്റേഷന്റെ പരിധിയിൽ നിരോധ നാജ്ഞ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 5-07-2008-ന് റവന്യൂ വകുപ്പുമ ന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി സമാധാന യോഗത്തിൽ ഇത്തരം സംഭവങ്ങളെ ഒരുതരത്തിലും പ്രോൽസാഹിപ്പിക്കുകയില്ലെന്നും പ്രാ ദേശിക ജില്ലാ തലങ്ങളിൽ സ്ഥിരം സമാധാന സമിതികൾ രൂപീകരിക്കാനും കച്ചവടസ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ സമാധാനം സ്ഥാപിക്കാനുള്ള എല്ലാ നടപടികളും സ്വീകരി ച്ചിട്ടുണ്ട്. ഇന്ന് സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണ്.

ശ്രീ.ടി.എൻ. പ്രതാപൻ : ഡി.വൈ.എഫ്.ഐ.-യുടെ കൊടുങ്ങല്ലൂർ ബ്ളോക്ക് വൈസ് പ്രസിഡന്റും അറിയപ്പെടുന്ന പൊതുപ്രവർത്തകനുമായ ബിജുവിന്റെ ദാരുണമായ കൊലപാതകം അങ്ങേയറ്റം അപലപനീയമാണ്. ബി.ജെ.പി.യുടേയും ആർ.എസ്.എസ്-ന്റേയും സംഘ്പരിവാറിന്റേയും പ്ര വർത്തകരാണ് ബിജുവിനെ വെട്ടി കൊലപ്പെടുത്തിയത്. ജൂൺ മാസം 27-ാം തീയതി വെള്ളിയാഴ്ച കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ മൈതാനിയിൽ

നടന്ന ബി.ജെ.പി.യുടെ ഒരു രാഷ്ട്രീയ പൊതുയോഗത്തിന് മുന്നിലൂടെ കടന്നു പോയ ഡി.വൈ.എഫ്.ഐ.-യുടെ ജാഥയെ നിയന്ത്രിക്കാൻ പോലീസിന് കഴിഞ്ഞില്ല. ജാഥക്കാർ പൊതുയോഗത്തിലേയ്ക്ക് തീ പന്തം എറിയുകയുണ്ടായി. തുടർന്ന് രണ്ട് മണിക്കൂറോളം കൊടുങ്ങല്ലൂർ നഗരത്തിൽ പോലീസിന്റെ സാന്നിദ്ധ്യത്തിലാണ് അക്രമ സംഭവങ്ങൾ ഉണ്ടായതെന്നുള്ളത് സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന് ഗുണകരമാണോയെന്ന് വെളിപ്പെടുത്തണം. അത് അമർച്ച ചെയ്യുന്നതിനും നേരിടുന്നതിനും പോലീസിന് കഴിഞ്ഞില്ല. ആ സംഭവത്തിനുശേഷമാണ് ബിജു ആക്രമിക്കപ്പെട്ടത്. ബിജുവിന്റെ മരണത്തെത്തുടർന്ന് കൊടുങ്ങല്ലൂരിൽ നടന്ന ഹർത്താലിൽ ബസ്സുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മാധ്യമപ്രവർത്തകർക്കും നേരെ ആക്രമണമുണ്ടാവുകയും ഗുരുദേവ പ്രതിമ അടിച്ചു തകർക്കുകയും ചെയ്തു. ആ പ്രദേശത്തെ ജനജീവിതം സ്തംഭിച്ചിരിക്കുകയാണ്. ഈ അക്രമ സംഭവങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം. ബിജുവിനെ കൊലചെയ്തവരെ കണ്ടുപിടിക്കണം. ഗൗരവതരമായ ഈ സ്ഥിതി വിശേഷത്തെക്കുറിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :</u> കൊടുങ്ങല്ലൂരിൽ കുറച്ച് നാൾ മുൻപേ പല തരത്തിലുള്ള അക്രമ സംഭവങ്ങൾ നടന്നു വരികയാണ്. ഇരുഭാഗത്തുനിന്നുമുള്ള പ്രവർത്തകർ കൊടുങ്ങല്ലൂരിൽ കൊലചെയ്യപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ തുടർച്ചയായി ചില സംഭവങ്ങൾ സമീപകാലത്തും ഉണ്ടായി. ഒരു പൊതുപ്രവർത്തകനെ നിഷ്ഠൂരമായി വെട്ടിക്കൊന്നത് കൊടുങ്ങല്ലൂർ പ്രദേശത്ത് അമർഷമുളവാക്കിയ സംഭവമാണ്. ഈ സംഭവത്തെ ഗൗരവമായി കണ്ട് ഗവൺമെന്റിന് സാധ്യമാകുന്ന എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടി

രിക്കുകയാണ്. പ്രതികളെ പിടികൂടുന്നതിനും സ്ഥിതിഗതികൾ നേരിടുന്നതിനും പോലീസ് നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കും. ഇപ്പോഴും പോലീസ് ഫോഴ്സിനെ കൊടുങ്ങല്ലൂരിൽ വിന്യസിച്ചിട്ടുണ്ട്. ഏത് സ്ഥിതിഗതികളേയും നേരിടുന്നതിന് പോലീസ് നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കും. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തിര സാഹചര്യം ഇല്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയം ചർച്ച ചെയ്യേണ്ടതില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം മടങ്ങിവരികയും ചെയ്തു.)

**വ്യക്തിപരമായ വിശദീകരണം**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ) : ബിജുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് കൊടുങ്ങല്ലൂരിൽ അക്രമം നടന്നതെന്ന് ശ്രീ.ടി.എൻ. പ്രതാപനും ശ്രീ.കെ.എം. മാണിയും ഇവിടെ പ്രസ്താവിച്ചത് വേദനാജനകമാണ്. നാട്ടുകാരെയെല്ലാം നന്നായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന, ഒരു കേസ്സിൽപ്പോലും പ്രതിയാകാത്ത, പൊതുപ്രവർത്തനത്തിൽ സജീവ സാന്നിദ്ധ്യമുള്ള വളരെ നല്ലൊരു ചെറുപ്പക്കാരനായിരുന്നു ബിജു. ബിജുവിന്റെ മൃതദേഹം കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ മൈതാനിയിൽ പൊതുദർശനത്തിനു വച്ചപ്പോൾ ഹർത്താൽ ആയിരുന്നിട്ടുകൂടി ആയിരക്കണക്കിനാളുകൾ അവിടെ എത്തിച്ചേരുകയുണ്ടായി. ആ സമയത്ത് ആദരാഞ്ജലി അർപ്പിക്കാ

നായി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും ഞാനും അവിടെ എത്തി. മൃതദേഹം പൊതുദർശനത്തിനു വച്ചശേഷം വീട്ടിൽ എത്തിക്കാനുള്ള വിലാപയാത്രയിലും സംസ്കാര ചടങ്ങുകളിലും തുടർന്ന് സമാധാനം നിലനിറുത്താനുള്ള പരിശ്രമത്തിലും കൊടുങ്ങല്ലൂർ എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഞാനും പങ്കെടുക്കുകയുണ്ടായി. ജൂലായ് മാസം 8-ാം തീയതി കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളുടേയും ജനവിഭാഗങ്ങളുടേയും സഹായസഹകരണത്തോടും പങ്കാളിത്തത്തോടുംകൂടി ഒരു സമാധാനയോഗം ഗവൺമെന്റ് നടത്തുകയാണ്. പത്രപ്രവർത്തകർക്കുനേരെ ഉണ്ടായ അക്രമസംഭവങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇന്ന് പത്രപ്രവർത്തകരിൽനിന്ന് തെളിവെടുപ്പ് നടത്തുകയാണ്. എല്ലാ തരത്തിലും കൊടുങ്ങല്ലൂരിൽ സമാധാനം പുന:സ്ഥാപിക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് പ്രതിപക്ഷത്തിന്റെകൂടി സഹകരണമുണ്ടാകണം.

## ശ്രദ്ധക്ഷണിക്കൽ

### (1) <u>പൊതുമരാമത്ത് റോഡുകളുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. യു.സി. രാമൻ:</u> കാലവർഷംകൂടി കഴിയുന്നതോടെ സംസ്ഥാനത്തെ റോഡുകളെല്ലാം കുണ്ടും കുഴിയുമായി മാറാൻ പോകുകയാണ്. മലബാർ മേഖലയിലെ റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. വളരെ തിരക്കേറിയ കോഴിക്കോട് മാവൂർ-കൂളിമാട് റോഡിന്റെ വീതി കൂട്ടുന്ന പണി ത്വരിതപ്പെടുത്തുകയും ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. കോഴി

ക്കോട് മെഡിക്കൽ കോളേജ്-മാവൂർ റോഡിലേയും മറ്റ് അനുബന്ധ റോഡുകളിലേയും വെള്ളക്കെട്ടിന് പരിഹാരമുണ്ടാക്കണം. മേജർ ഡിസ്ട്രിക്ട് റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം. കാരത്തൂർ-മെഡിക്കൽ കോളേജ് റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി 4 കോടി രൂപയുടെ പ്രൊപ്പോസൽ അയച്ചിട്ടും നാളിതുവരെ നടപടി ഉണ്ടായിട്ടില്ല. നഗരവികസനവുമായി ബന്ധപ്പെട്ട് വെള്ളെയിൽ നിന്ന് കളിപ്പൊയ്ക വഴി സി.ഡബ്ല്യു.ആർ.ഡി.എം.ലേയ്ക്ക് പോകുന്ന റോഡിന്റെ പണി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്ന പാലം പണികൾ പുന:രാരംഭിക്കണം. പൊന്നാനി-കോഴിക്കോട് തീരദേശറോഡ്, മാങ്കാവ്-കന്നിപ്പറമ്പ് റോഡ്, ഊട്ടി-ചേറൂപ്പ റോഡ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും റീ-ടാറിംഗ് പുനരാരംഭിക്കുന്നതിനും നടപടിയുണ്ടാവണം. താഴ്ന്ന ഭാഗങ്ങളിലെ റോഡുകൾ ഉയർത്തി വീതി കൂട്ടി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പെരുമണ്ണ ബൈപാസ് റോഡ് യാഥാർത്ഥ്യമാക്കുന്നതിനും അടിയന്തിര നടപടി ഉണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>) : സംസ്ഥാനത്തെ വിവിധ റോഡുകളുടെ വികസനത്തിനും പ്രത്യേകിച്ച് മലബാറിലെ റോഡുകളുടെ വികസനത്തിന് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നതാണ്. സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുവാനും മെച്ചപ്പെട്ട നിലയിലേയ്ക്ക് അവയെ എത്തിക്കാനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. റോഡ് സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ നിരവധി നടപടികൾ സ്വീകരിക്കുകയുണ്ടായി. മഴക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ടുകൾ ഒഴിവാക്കി റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പ്രീ-മൺസൂൺ പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കി ഭൂരിപക്ഷം

പ്രവൃത്തികളും ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. അടിയന്തിര ജോലികൾ ചെയ്യാൻ കഴിയാതെ പോകുന്നതുമായി ബന്ധപ്പെട്ട് ഉളവായിട്ടുള്ള പ്രതിസന്ധികൾ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റുതലയോഗത്തിന്റെ വിലയിരുത്തൽപ്രകാരം സംസ്ഥാനത്തൊട്ടാകെയുള്ള റോഡുകൾക്കായി 21 കോടി രൂപ അനുവദിച്ചു. അവശേഷിക്കുന്ന പ്രവൃത്തികൾ കാലാനുസൃതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതയുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി നടപ്പാക്കി. കാസർഗോഡ്-കൊച്ചി എൻ.എച്ച്-17-ന്റെ ശോച്യാവസ്ഥ പരിഹരിച്ചിട്ടുണ്ട്. തൃശ്ശൂർ-വാളയാർ എൻ.എച്ച്-47-ന്റെ റീ-ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗത്തെ നിർമ്മാണപ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. വർഷങ്ങളായി നിലനിൽക്കുന്ന കൊല്ലം-ചെങ്കോട്ട, തെന്മല-ആര്യങ്കാവ് റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിച്ച് പൂർത്തീകരിക്കേണ്ട റോഡുകളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ടിട്ടുണ്ട്. എത്രയും പെട്ടെന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. സ്റ്റേറ്റ് ഹൈവേകളും മേജർ ഡിസ്ട്രിക്ട് റോഡുകളും ഉൾപ്പെടെ മഴക്കാലത്ത് റോഡുകൾ മോശമാകുന്ന സാഹചര്യം കണക്കിലെടുത്ത് ഓരോ ജില്ലയിലും വർഷങ്ങളായി പുനരുദ്ധരിക്കാതെ കിടക്കുന്ന റോഡുകൾ തിരഞ്ഞെടുത്ത് അവയുടെ വികസനം മുൻകൂറായി നിശ്ചയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന് 12-ാം ധനകാര്യ കമ്മീഷനിൽ നിന്ന് ലഭിച്ച 161 കോടി രൂപ വിനിയോഗിക്കും. ഇങ്ങനെ വരുന്ന റോഡുകളും പൂർത്തീകരിക്കാത്ത പാലങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 360 കോടി രൂപയുടെ വികസന പദ്ധതിയാണ് നബാർഡിന് സമർപ്പിച്ചിരിക്കുന്നത്. മലബാർ മേഖലയ്ക്ക്

പ്രത്യേക പരിഗണന കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് നഗര വികസന പദ്ധതി എന്ന നിലയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്ഥലമെടുപ്പിനുവേണ്ടി ആദ്യഘട്ടമെന്ന നിലയിൽ 20 കോടി രൂപ മാറ്റി വയ്ക്കുകയാണ്. മറ്റ് ജില്ലകൾക്കും പ്രത്യേക പരിഗണന കൊടുക്കാൻ കഴിയുന്ന തരത്തിൽ മാസ്റ്റർപ്ളാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വർഷങ്ങളായി അപകടാവസ്ഥയിലായ തലശ്ശേരി-കണ്ണൂർ ദേശീയ പാതയിലെ മൊയ്തു പാലത്തിന് പകരമായി പുതിയ പാലം നിർമ്മിക്കുന്നതിനുവേണ്ട അടിയന്തിര തീരുമാനം എടുത്തിട്ടുണ്ട്. തീരദേശപാത അടക്കമുള്ള കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. മലയോര ഹൈവേ നടപ്പിലാക്കുകയെന്നുള്ളത് സർക്കാരിന്റെ നയമാണ്. നാട്പാക്കിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ മലയോര ഹൈവേയുടെ തുടർ നടപടികളെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പഞ്ചായത്ത്രാജ് ആക്ട് പാസ്സാക്കിയതിനെത്തുടർന്ന് ത്രിതല പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത 13,000 കിലോമീറ്റർ  അതർ ഡിസ്ട്രിക്ട് റോഡുകളുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി ശുപാർശ പ്രകാരം അവയിൽ 6,000 കിലോമീറ്റർ  റോഡ് സർക്കാർ തിരിച്ചെടുത്ത് പ്രവൃത്തി ക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കും. മാങ്കാവ്-കണ്ണിപ്പറമ്പ് റോഡിന്റെ ഉയരവും വീതിയും കൂട്ടുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന കാര്യവും പരിശോധിക്കും. മാങ്കാവ്-കണ്ണിപ്പറമ്പ് റോഡിന്റെ നാല് കിലോമീറ്റർ ദൂരം സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗത്ത് പൈപ്പ് ലൈൻ

ഇടുന്നതിന്റെ നടപടിക്രമം പൂർത്തിയായാൽ ഉടൻതന്നെ സഞ്ചാരയോഗ്യമാക്കും. പെരുമണ്ണ ബൈപ്പാസിന്റെ കാര്യത്തിൽ ഭാഗീകമായ സ്ഥലമെടുപ്പു നടപടികൾ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് ധനകാര്യ-പൊതുമരാമത്ത് വകുപ്പുകളുടെ മേൽനോട്ടത്തിൽ ഓരോ ജില്ലയിലേയും ബന്ധപ്പെട്ട എം.എൽ.എ.മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം ഇന്നു മുതൽ ആരംഭിക്കുകയാണ്. പ്രസ്തുത യോഗത്തിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കും.

(2) <u>മാലിന്യ നിർമ്മാർജ്ജനവും കൊതുകുനിവാരണവും</u>

<u>ശ്രീ എ.എ. അസീസ്:</u> സംസ്ഥാനത്ത് ഇപ്പോഴും ഫലപ്രദമായി മാലിന്യനിർമ്മാർജ്ജനം നടക്കുന്നില്ല. പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ വിൽപ്പന യഥേഷ്ടം നടത്തുന്നു. ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഇനിയും സ്ഥാപിച്ചിട്ടില്ല. മാലിന്യങ്ങൾ കുന്നുകൂടുന്നതുമൂലം കുടിവെള്ളവും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടുന്ന ജലവും മലിനമാവുകയാണ്. ഇത് വിവിധ മാരക രോഗങ്ങൾക്ക് കാരണമാകുന്നു. സംസ്ഥാനത്ത് രോഗം പടർന്നു പിടിക്കുമ്പോൾ ജനങ്ങളും ഡിപ്പാർട്ടുമെന്റും കാണിക്കുന്ന ശുഷ്ക്കാന്തി രോഗം ഇല്ലാതാകുന്ന കാലത്ത് കാണിക്കുന്നില്ല. കൊതുക് വിമുക്ത കേരളം എന്ന ആശയത്തോടുകൂടി പ്രവർത്തിക്കാൻ സാധിക്കണം. കൊതുക് നിവാരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ യാതൊന്നും തന്നെ ചെയ്യുന്നില്ല. കുടുംബശ്രീ യുണിറ്റുകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും പങ്കാളിത്തത്തോടെ ബൃഹത്തായ കൊതുകുനിവാരണ പദ്ധതി നടപ്പാക്കണം. മാലിന്യ നിർമ്മാർജ്ജനത്തിനും

കൊതുകു നിവാരണത്തിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളെ സജ്ജമാക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സംസ്ഥാനം മാലിന്യവിമുക്തമാക്കുന്നതിനുള്ള സമഗ്ര പരിപാടിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾ മുൻകൈയെടുത്ത് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 2006 ഒക്ടോബർ രണ്ടിന് ആരംഭിച്ച മാലിന്യ വിമുക്ത കേരളം പരിപാടിയുടെ കർമ്മ പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. കമ്പോസ്റ്റ്, ബയോ ഗ്യാസ് എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് മാലിന്യം അതാതുസ്ഥലത്തുതന്നെ സംസ്ക്കരിക്കുക എന്ന രീതി വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനകം 21 നഗര പ്രദേശങ്ങളിലും 63 ഗ്രാമ പഞ്ചായത്തുകളിലും ഖര മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. 14 നഗരസഭകളിൽ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. 19 നഗരസഭകളിൽ ഇതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കി പ്രോജക്റ്റിനുള്ള ഫണ്ട് സ്വരൂപിച്ചു. പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന 30 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചു. പ്ലാസ്റ്റിക്ക് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി കടകൾ പരിശോധിക്കുകയും നിരോധിച്ച പ്ലാസ്റ്റിക്ക് പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യാനും അവ പിടിച്ചെടുക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്.. മഴക്കാലത്ത് കൊതുക് പെരുകുന്നതും പകർച്ചവ്യാധികൾ വ്യാപകമാകുന്നതും തടയാൻ വിപുല

മായ ശുചീകരണ കാംപെയിൻ നടത്തി. പൊതുജന പങ്കാളിത്തത്തോടെ നടത്തിയ മഴക്കാല പൂർവ്വ ശുചീകരണം വൻ വിജയമായിരുന്നു. സ്ക്കൂളുകളേയും കോളേജുകളേയും കേന്ദ്രീകരിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഈ മാസം ആരംഭിക്കുന്നതാണ്. പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും ശുചിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യ വിമുക്ത കേരളം പദ്ധതിക്ക് ജനങ്ങളിൽ നിന്ന് നല്ല സഹകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറി യുന്നവർക്കെതിരെയുള്ള നടപടികൾ കർശനമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കരട് നിയമം തയ്യാറാക്കി വരികയാണ്. മൂന്നു വർഷത്തിനുള്ളിൽ മാലിന്യവിമുക്ത കേരളം പദ്ധതി പൂർണ്ണ വിജയത്തിലെത്തിക്കാനും സംസ്ഥാ നത്തെ മാലിന്യ ശുചീകരണ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സാധിക്കുന്നതാണ്. മാലിന്യങ്ങൾ അതാത് സ്ഥലത്ത് സംസ്ക്കരിക്കുന്നതി നാവശ്യമായ സംവിധാനങ്ങളോടുകൂടിയ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

**സബ്മിഷൻ**

(1) <u>കോഴിക്കോട് ഫ്രണ്ട്സ് ജനസേവന കേന്ദ്രം</u>

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> കോഴിക്കോട് ഫ്രണ്ട്സ് ജനസേവന കേന്ദ്രം പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ കോർപ്പറേഷൻ സ്റ്റേഡിയം കോംപ്ലക്സിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ഫ്രണ്ട്സ് ജനസേവന കേന്ദ്രം കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം കോംപ്ലെക്സിലെ നാലു മുറികളുള്ള ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി ഐ.റ്റി.

മിഷൻ നൽകിയ 26 ലക്ഷം രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(2) ബിജുവിന്റെ കൊലപാതകം

ശ്രീ. എ.സി. മൊയ്തീൻ: കൊടുങ്ങല്ലൂർ സി.പി.എം. ലോക്കൽ കമ്മിറ്റി മെമ്പറും ഡി.വൈ.എഫ്.ഐ. ബ്ലോക്ക് വൈസ് പ്രസിഡന്റുമായ ബിജുവിനെ 30-06-2008-ന് ആർ.എസ്.എസ്. സംഘം ക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താനും ഈ പ്രദേശത്തെ ജനങ്ങളുടെ സ്വൈര്യജീവിതം തടസ്സപ്പെടുത്തുന്ന ആർ.എസ്.എസ്. ക്രിമിനൽ സംഘത്തെ അമർച്ച ചെയ്യാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ബിജുവിന്റെ ഘാതകരെ കണ്ടുപിടിക്കുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്. സ്ഥിതിഗതികൾ അവലോകനം ചെയ്യാനും കേസന്വേഷണത്തിന്റെ പുരോഗതി വിലയിരുത്താനും ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധന

ശ്രീ. കെ.സി. വേണുഗോപാൽ: സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തിയ അശാസ്ത്രീയ ഫീസ് വർദ്ധന പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് നാല് വർഷങ്ങൾക്കുശേഷം കാലാനുസൃതമായ ഫീസ് വർദ്ധന ഏർപ്പെടുത്തിയത്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ പഠന

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഈ ഫീസ് വർദ്ധന ഏർപ്പെടുത്തിയത്.

(4) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടാവസ്ഥ

ശ്രീമതി ഇ.എസ്. ബിജിമോൾ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച ഐ.ഐ.ടി. പഠന റിപ്പോർട്ടുകൾ ഇടുക്കി ജില്ലയിലെ ജനങ്ങളെ ഭയാശങ്കയിലാഴ്ത്തിയിരിക്കുകയാണ്. സ്പിൽവേയിലൂടെ വെള്ളം ഒഴുകിപ്പോകാത്തതുമൂലം വെള്ളപ്പൊക്കഭീഷണിക്കും സാദ്ധ്യതയുണ്ട്. ബേബി ഡാമിന്റെ അവസ്ഥയും ഗുരുതരമാണ്. അതുകൊണ്ട് തമിഴ്നാടുമായുള്ള കരാർ പരിഷ്ക്കരിക്കുന്നതിനും പുതിയ ഡാം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ശ്രീ. കെ. ബാബു: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വം സംബന്ധിച്ച് ഐ.ഐ.ടി. സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ ഈ പ്രദേശത്ത് ഭൂകമ്പ സാധ്യതയുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. ശക്തമായ മഴക്കാലത്ത് ഡാമിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളം താങ്ങിനിർത്താൻ ഇടുക്കി ഡാമിനും അതിനെത്തുടർന്നുള്ള മൂന്ന് ഡാമുകൾക്കും സാധിക്കില്ല. മുല്ലപ്പെരിയാറിന്റെ അപകടകരമായ സ്ഥിതിവിശേഷത്തെക്കുറിച്ചും പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ചുമുള്ള ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കി ജനങ്ങളുടെ ആശങ്കയ്ക്ക് അറുതി വരുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സുരക്ഷാപ്രശ്നമുയർത്തുന്ന മുല്ലപ്പെരിയാർ ഡാമിന് പകരമുള്ള പുതിയ ഡാമിന്റെ നിർമ്മാണത്തിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.ഡി.ആർ.ബി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കുമിളിയിൽ പ്രത്യേക ഡിവിഷണൽ ഓഫീസ് പ്രവർത്തനം

ആരംഭിക്കുകയും പര്യവേക്ഷണ സർവ്വേ നടന്നുകൊണ്ടിരിക്കുകയുമാണ്. വനാന്തരങ്ങളിൽ പര്യവേക്ഷണം നടത്തുന്നതിന് നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെയും മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റേയും അനുമതി ലഭിച്ചുകഴിഞ്ഞാലുടൻ സർവ്വേ പൂർത്തിയാക്കി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഡാമിന്റെ നിർമ്മാണ പ്രവർത്തങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഐ.ഐ.ടി.-യുടെ ഫ്ളഡ് റൂട്ടിംഗ് സ്റ്റഡീസിനെ സംബന്ധിച്ച റിപ്പോർട്ടിൽ മുല്ലപ്പെരിയാർ ഡാം അപകടാവസ്ഥയിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളുടെയും ഗവൺമെന്റ് ഇതിനകം നടത്തിയിട്ടുള്ള എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡിയുടെയും അടിസ്ഥാനത്തിൽ പുതിയ ഡാം നിർമ്മാണവുമായി മുന്നോട്ടുപോകാനുള്ള കേരളത്തിന്റെ വാദം സാധൂകരിക്കുന്ന തരത്തിലുള്ള റിപ്പോർട്ടുകൾ സുപ്രീം കോടതിയിൽ സമർപ്പിക്കുന്നതാണ്. ഈ കേസ് കൈകാര്യം ചെയ്യുന്നതിന് ശ്രീ. എം.കെ. പരമേശ്വരൻ നായർ ചെയർമാനായി ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) <u>കൂട്ടിലമുക്ക് തടയണ നിർമ്മാണം</u>

<u>ശ്രീ. എം. ഹംസ</u>: എൽ.ഐ.സി. പദ്ധതിയനുസരിച്ച് പത്ത് കോടി രൂപ ചെലവ് വരുന്ന ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനും അതിന്റെ സ്രോതസ്സ് കണ്ടെത്തി ഭാരതപ്പുഴ സംരക്ഷിക്കുന്നതിനും കൂട്ടിലമുക്കിൽ ഒരു തടയണ നിർമ്മിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>: ഭാരതപ്പുഴയിൽ കൂട്ടിലമുക്ക് ഭാഗത്ത് തടയണ നിർമ്മിക്കാനുള്ള പ്രൊപ്പോസലുകളൊന്നും

ഇപ്പോൾ നിലവിലില്ല. ഈ വിഷയത്തെപ്പറ്റി സാദ്ധ്യതാ പഠനം നടത്തി പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(6) തെങ്ങുകൾക്ക് ബാധിച്ച കൂമ്പുചീയൽ രോഗം

ശ്രീ. കെ. കുഞ്ഞിരാമൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെയും കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ കിഴക്കൻ മലയോര പഞ്ചായത്തുകളിലെയും ആയിരക്കണക്കിന് ഹെക്ടർ സ്ഥലങ്ങളിലെ തെങ്ങുകൾ കൂമ്പുചീയൽ, കാറ്റുവീഴ്ച, വേരുചീയൽ, തെങ്ങോലപ്പുഴു എന്നീ രോഗങ്ങൾമൂലം നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണ്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യാനും രോഗം തടയാനുമാവശ്യമായ നടപടികൾ കാര്യക്ഷമമാക്കണം. തെങ്ങൊന്നിന് നൽകാനുദ്ദേശിക്കുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്നും ഈ രംഗത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്നും വ്യക്തമാക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ചെറുപുഴ, ചുണ്ട, വിളക്കുവട്ടം പ്രദേശങ്ങളിലെ തെങ്ങുകൾക്ക് കൂമ്പുചീയൽ രോഗം ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നാളികേര വികസന ബോർഡിന്റെ സഹായത്തോടെ 50 ഹെക്ടർ സ്ഥലത്ത് ഇതിനകം തന്നെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും രോഗം ബാധിച്ച 1100 തെങ്ങുകൾ മുറിച്ച് മാറ്റുകയും ഇതിനായി 1,74,050 രൂപയുടെ ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. സംയോജിത വളപ്രയോഗത്തിനും ബോഡോ മിശ്രിതം ഉപയോഗിച്ചുകൊണ്ടുള്ള പ്രതിരോധ നടപടികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗം ബാധിക്കാത്തതും രോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ കാണിക്കുന്നതുമായ തെങ്ങുകൾക്ക് രണ്ട് ഗ്രാം എൻഡോഫിൽ-എം എന്ന കുമിൾനാശിനി പ്രയോഗിച്ച് പ്രതിരോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ പ്രശ്നത്തിന് ദീർഘകാലാടിസ്ഥാനത്തിൽ ഫലപ്രദമായി പരിഹാരം കാണുന്നതിന് 268 ലക്ഷം രൂപയുടെ പദ്ധതിക്ക് ആർ.കെ.വി.വൈ പദ്ധതി പ്രകാരം രൂപം കൊടുത്തുവരികയാണ്.

(7) ബ്രസീലിയൻ കറൻസി

ശ്രീ. കെ. കെ. ഷാജു: ചേർത്തല കരുവ സ്വദേശിയും സി.പി.ഐ.(എം) ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമായ ബൈജു ബ്രാഞ്ച് സെക്രട്ടറിയായ ജ്യോതികുമാറിനോട് കടം വാങ്ങിയ 1.25 ലക്ഷം രൂപയ്ക്ക് പകരം ഡോളർ എന്ന വ്യാജേന ബ്രസീലിലെ പഴയ കറൻസി നൽകുകയുണ്ടായി. ഇത് കൈവശം വച്ചിരുന്നാൽ പോലീസ് പിടിക്കപ്പെടുമെന്ന് മനസ്സിലായ ജ്യോതി കുമാർ പാർട്ടിക്ക് പരാതി കൊടുത്തു. ജില്ലാ സെക്രട്ടറിയുടെ സാന്നിദ്ധ്യ ത്തിൽ കൂടിയ ഏരിയ കമ്മിറ്റി യോഗം ഇത് പാർട്ടി തലത്തിൽ അന്വേഷി ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ജ്യോതികുമാറിന്റെ പരാതിയിൽ ആലപ്പുഴ ജില്ലയിലെ രണ്ട് മന്ത്രിമാരുമായി ബൈജുവിനുള്ള ബന്ധത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാഫിയ ബന്ധമുള്ള ഇത്തരം ആളുകളുമായി മന്ത്രി മാർക്ക് ബന്ധമുണ്ടെങ്കിൽ ഗൗരവതരമായി ഗവൺമെന്റ് പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കർക്കശ നടപടി സ്വീകരിക്കുകയും ചെയ്യണം. ഒരു തര ത്തിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നട പടിയുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഇത് സംബന്ധിച്ച പത്രവാർത്തയെത്തുടർന്ന് പരിശോധന നടത്തിയിട്ടുണ്ട്. ബൈജു കരുവ സി.പി.ഐ.(എം) ലോക്കൽ കമ്മിറ്റി സെക്ര ട്ടറിയാണ്. ജ്യോതികുമാർ പാർട്ടിയുടെ മുൻ ബ്രാഞ്ച് സെക്രട്ടറിയായിരുന്നു. ഒരു വർഷം മുൻപ് ജ്യോതികുമാറിനെ പാർട്ടിയിൽ നിന്ന് പുറത്താക്കിയ

വിരോധത്തിന്റെ പേരിലാണ് ഈ ആരോപണം ഉന്നയിച്ചത് എന്നാണ് മനസ്സി ലാക്കുന്നത്. ഇതുസംബന്ധിച്ച് പോലീസിൽ പരാതിയോ കേസുകളോ ഒന്നും നിലവിലില്ല. ബ്രസീലിയൻ കറൻസി പ്രചരിക്കുന്നുണ്ടോ എന്നുള്ള കാര്യം പ്രത്യേകം അന്വേഷിക്കുന്നതാണ്.

(8) പേരാവൂർ ഫയർ സ്റ്റേഷൻ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: പേരാവൂർ ഫയർ സ്റ്റേഷന് ആവശ്യമായ എക്വിപ്മെന്റ്സ് വാങ്ങി അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പേരാവൂരിൽ ഈ വർഷംതന്നെ അഗ്നിശമന രക്ഷാനിലയം സ്ഥാപിക്കുന്നതിന് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആവശ്യമായ തസ്തിക അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്

(9) നിഷാന്തിന്റെ കുടുംബത്തിന് ആനുകൂല്യങ്ങൾ

ശ്രീ. എ.പി. അനിൽകുമാർ: വണ്ടൂർ നിയോജകമണ്ഡലത്തിലെ കാറ്റുള്ളമല റിപ്പീറ്റർ സ്റ്റേഷനിലെ കോൺസ്റ്റബിൾ നിഷാന്ത് ജോലി ലഭിച്ച് എട്ടു മാസം കഴിയുന്നതിനു മുമ്പ് ഡ്യൂട്ടിക്കിടെ ഇടിമിന്നലേറ്റ് മരിച്ച സംഭവം പ്രത്യേക കേസായി പരിഗണിച്ച് ആശ്രിത നിയമനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2-4-2007-ൽ സർവ്വീസിൽ പ്രവേശിച്ച നിഷാന്ത് 8-5-2008-ന് രാത്രി 10.30-ന് ഇടിമിന്നലേറ്റ് മരണപ്പെട്ട സംഭവത്തിൽ ഡ്യൂട്ടിക്കിടെ മരണം സംഭവിക്കുന്ന ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് അർഹതയുള്ള

എക്സ്ഗ്രേഷ്യാ തുകയായ 50,000 രൂപ അനുവദിച്ചിട്ടുണ്ട്. അനന്തരാവകാശി ആരാണെന്നുള്ള തീരുമാനം വരുന്ന മുറയ്ക്ക് പ്രസ്തുത തുക കൈമാറുന്നതായിരിക്കും. ദുർഘടം പിടിച്ച വയർലസ് റിപ്പീറ്റർ സ്റ്റേഷനുകളിലെ ജീവനക്കാർക്ക് രക്ഷാകവചം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിഷാന്തിന്റെ ആശ്രിതർക്ക് അധികസഹായം നൽകുന്നതിനെക്കുറിച്ച് ക്യാബിനറ്റ് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(10) മൊയ്തീൻ കുട്ടിയുടെ ദുരൂഹമരണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ നിയോജക മണ്ഡലത്തിൽ കൊടത്തിയിൽ 26-6-2008-ന് നടന്ന മൊയ്തീൻ കൂട്ടിയുടെ ദുരൂഹമരണം സംബന്ധിച്ച് നിഷ്പക്ഷമായി അന്വേഷണം നടത്തി നിജസ്ഥിതി പുറത്തുകൊണ്ടുവരണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഈ സംഭവത്തിൽ മൊയ്തീൻ കുട്ടിയുടെ സഹോദരി ഫാത്തിമയുടെ മൊഴിപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരൂരങ്ങാടി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. ഫ്യൂറിഡാൻ വിഷം ഉള്ളിൽച്ചെന്ന് മരണപ്പെട്ടതാണെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഈ കേസിൽ പ്രതികളായ മൂന്നുപേരെയും 27-6-2008-ൽ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(11)ക്വാറിയുടെ പ്രവർത്തനം നിരോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കൃഷ്ണപ്രസാദ്: ഉരുൾപൊട്ടലിൽ നിരവധിപേർ മരിച്ച വയനാട്ടിലെ പടിഞ്ഞാറത്തറ പഞ്ചായത്തിലെ നരിപ്പാറ അത്താണി

ക്വാറിയുടെ പ്രവർത്തനം നിരോധിക്കണമെന്നുള്ള സെസ്സിന്റെ റിപ്പോർട്ട് നടപ്പിലാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടറുടെ 16-2-2005-ലെ ഉത്തരവു പ്രകാരമാണ് അത്താണി ക്വാറിയിൽ കരിങ്കൽ ഖനന പ്രവർത്തനവും ക്രഷറും നടത്തിവരുന്നത്. ഈ ഉത്തരവ് റദ്ദാക്കുന്നതിന് ജില്ലാകളക്ടർക്ക് നിയമപരമായി അധികാരമില്ല. ഇതിൽ തീരുമാനം എടുക്കേണ്ടത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പായതിനാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വയനാട് ജില്ലാകളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(12) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം

ശ്രീ. ആർ സെൽവരാജ്: പാറശ്ശാല നിയോജകമണ്ഡലത്തിൽപ്പെട്ട ആറാട്ടുകടവിലെ ബണ്ട് നിർമ്മാണവും കടവുകളുടെ പുനർനിർമ്മാണവും റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടത്തുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരത്ത് ഏറ്റെടുക്കാനുള്ള വർക്കുകൾ ജില്ലാ വിദഗ്ദ്ധ സമിതി കൂടി വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി സംസ്ഥാനതല സമിതിക്ക് നൽകാമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. എത്രയും വേഗം അതിനുള്ള ഭരണാനുമതി നൽകുന്നതാണ്.

(13) ദേശീയപാത 17 അപകട വിമുക്തമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.ടി. ജലീൽ: കുറ്റിപ്പുറം നിയോജകമണ്ഡലത്തിൽ ദേശീയപാത 17-ലെ വളാഞ്ചേരിക്കടുത്ത വട്ടപ്പാറ വളവ് നികത്തി ആ

മേഖലയെ അപകടവിമുക്തമാക്കുകയും ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ദേശീയപാത 17-ൽ കിലോമീറ്റർ 306 മുതൽ 308 വരെയുള്ള ഭാഗത്തെ വട്ടപ്പാറ വളവിന്റെ ഇപ്പോഴുള്ള അപകടാവസ്ഥ പൂർണ്ണമായും പരിഹരിക്കണമെങ്കിൽ സ്ഥലം ഏറ്റെടുത്തുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതായിട്ടുണ്ട്. ദേശീയപാത 17 നാലുവരി പാതയാക്കുന്നതിന് എൻ.എച്ച്.ടി.പി.-3 സ്കീമിൽ ഉൾപ്പെടുന്ന പ്രാഥമിക സർവ്വേ പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ടിന് രൂപംകൊടുത്തിട്ടുണ്ട്.ഇതുസംബന്ധിച്ച് ഒരു ഉന്നതതലയോഗം ഗവൺമെന്റ് അടിയന്തിരമായി വിളിച്ചുകൂട്ടുന്നതാണ്.

(14) ലാന്റ് അക്വിസിഷൻ നടപടികൾ

ശ്രീ. ജോർജ് എം തോമസ്: കോഴിക്കോട് താലൂക്കിൽ ആവശ്യമായ സർവ്വേയർമാരില്ലാത്തതിനാൽ സർവ്വേ നടപടികളും സ്ഥലമെടുപ്പു നടപടികളും പൂർത്തീകരിക്കാൻ കഴിയാതെ വികസന പ്രവർത്തനങ്ങളാകെ മുരടിച്ചു കിടക്കുകയാണ്. ഇവിടെ ആവശ്യമായ സർവ്വേയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കോഴിക്കോട് താലൂക്ക് ഉൾപ്പെടുന്ന ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ അനുവദിക്കപ്പെട്ട 15 സർവ്വേയർമാരുടെ തസ്തികയിൽ സർവ്വേ ഡയറക്ടർ അറിയിച്ചതുപ്രകാരം വർക്കിംഗ് അറേഞ്ച്മെന്റിൽ ജീവനക്കാരെ നൽകിയിട്ടുണ്ട്. സർവ്വേ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി പി.എസ്.സി. മുഖേന 521 സർവ്വേയർമാരുടെ നിയമനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആഗസ്റ്റ്

മാസത്തിൽ അവരെ നിയമിക്കുന്നതാണ്. നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അനുപാതപ്രകാരം 175 അപ്രന്റീസുമാരെ നിയമിച്ച് ഈ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(15) ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകം സംബന്ധിച്ച്

ശ്രീ. വി. എസ്. സുനിൽകുമാർ: മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി, എടയൂർ ഗ്രാമപഞ്ചായത്തുകളിലെ ഭരണസമിതികൾ ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകം പഠിപ്പിക്കേണ്ടതില്ലെന്ന തീരുമാനമെടുത്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് 30-06-2008-ന് ചേർന്ന സാധാരണ യോഗത്തിൽ അജണ്ട അനുസരിച്ചുള്ള ചർച്ചകൾക്കുശേഷം നിർദ്ദിഷ്ട പ്രമേയം അവതരിപ്പിക്കുകയും പാസ്സാക്കുകയുമാണ് ചെയ്തത്. കേരള പഞ്ചായത്തീരാജ് ആക്ടിലെ 166 (1) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതുമായ ചുമതലകൾ പ്രകാരം സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് (നിയന്ത്രണവും മേൽനോട്ടവും) മാത്രമേ ഗ്രാമ പഞ്ചായത്തുകളുടെ അധികാര പരിധിയിൽ വരുന്നുള്ളൂ. അക്കാദമിക്കായിട്ടുള്ള കാര്യങ്ങളിൽ ഇടപെടുന്നതിന് പഞ്ചായത്തുകൾക്ക് അധികാരമില്ല. പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത സംഗതി സംബന്ധിച്ച് കമ്മിറ്റിയിൽ പ്രമേയം അനുവദിക്കരുതെന്ന്

ചട്ടം 13 (4)(എ) അനുശാസിക്കുന്നു. ഈ പ്രമേയം ചർച്ച ചെയ്യരുതെന്ന് പഞ്ചായത്ത് സെക്രട്ടറി ചൂണ്ടിക്കാണിച്ചിട്ടും പ്രസിഡന്റ് ചർച്ച അനുവദിക്കുക യായിരുന്നു. നാല് അംഗങ്ങളുടെ വിയോജിപ്പോടെയാണ് അജണ്ടയിലില്ലാതി രുന്ന പ്രമേയം അംഗീകരിച്ചിരിക്കുന്നത്. ചട്ടം 4(3) പ്രകാരവും അജണ്ടയ്ക്കു പുറമേയുള്ള വിഷയങ്ങൾ ചർച്ചയ്ക്കെടുക്കുമ്പോൾ ഹാജരായ എല്ലാ അംഗ ങ്ങളും അനുകൂലിക്കുകയാണെങ്കിൽ മാത്രമേ ചർച്ച ചെയ്യാവൂ. ഇത് ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാകയാൽ പ്രമേയം പിൻവലിക്ക ണെന്ന് ആവശ്യപ്പെട്ട കാര്യം സെക്രട്ടറി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി യതിനെത്തുടർന്ന് പ്രമേയം സ്റ്റേ ചെയ്ത് പിൻവലിക്കാനുള്ള ഉത്തരവ് പുറ പ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് അധികാര ദുർവിനിയോഗം നടത്തിയിരിക്കുന്ന തിനാൽ ഈ പ്രശ്നത്തിൽ ഓംബുഡ്സ്മാൻ സ്വമേധയാ കേസെടുത്തിട്ടുമു ണ്ട്. പ്രമേയം പിൻവലിക്കാൻ തയ്യാറാകാത്തപക്ഷം നിയമാനുസൃതം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. എടയൂർ പഞ്ചായത്തും ഇത്തര ത്തിലുള്ള പ്രമേയം എട്ടിനെതിരെ ഒമ്പത് അംഗങ്ങളുടെ ഭൂരിപക്ഷത്തിൽ പാസ്സാക്കിയിട്ടുണ്ട്. ഈ പ്രമേയത്തിലും ഗവൺമെന്റ് സമാനമായ നടപടി കൾ സ്വീകരിക്കുന്നതായിരിക്കും.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ. ബേബി):</u> പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകേണ്ട ചുമതല വിദ്യാഭ്യാസ വകുപ്പിനാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തെ സംബന്ധിച്ച് പഞ്ചായ ത്തിന് തീരുമാനിക്കാനുള്ള അധികാരമില്ല. ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് ചില നടപടികൾ എടുക്കേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതികൾ തെറ്റായ രീതിയിൽ പ്രമേയം പാസ്സാക്കു

കയും അതിനെ ആസ്പദമാക്കി പുസ്തകത്തിന്റെ ഉള്ളടക്കത്തിൽ ഇടപെടുകയും ചെയ്താൽ വിദ്യാഭ്യാസ വകുപ്പ് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

**റിപ്പോർട്ട് സമർപ്പണം**

(1) 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു

.

(2) സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2008-09 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം (37,68,92,61,000 രൂപ)

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാംനമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ എ. പി. അനിൽകുമാർ, എം. എ. വാഹീദ്, എൻ. ശക്തൻ, കെ. ബാബു, കെ. അച്ചുതൻ, ബി. ബാബു പ്രസാദ്, കെ. ശിവദാസൻ നായർ, കെ. സി. ജോസഫ്, അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. പി. മുഹമ്മദ്, ആര്യാടൻ മുഹമ്മദ്, എം. മുരളി, തേറമ്പിൽ രാമകൃഷ്ണൻ, സി.ടി.അഹമ്മദ് അലി, കെ. കുട്ടി അഹമ്മദ് കുട്ടി, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, എം. ഉമ്മർ, കെ. കെ. ഷാജു, ജോസഫ് എം. പുതുശ്ശേരി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ എൽ.ഡി.എഫ്. കൊട്ടിഘോഷിച്ചുകൊണ്ടിരുന്ന നയസമീപനങ്ങൾക്ക് കടകവിരുദ്ധമായ സമീപനമാണ് സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. സ്വാശ്രയ മാനേജ്മെന്റുകൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന സമീപനമാണ് കാണാൻ സാധിക്കുന്നത്. സ്വാശ്രയ മേഖലയിലെ നൂറ് ശതമാനം സീറ്റിലും സർക്കാർ ഫീസും നൂറ് ശതമാനം സർക്കാർ ക്വോട്ട എന്ന നയം നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നവർ ഇപ്പോൾ ഒരു സീറ്റിൽ പോലും സർക്കാർ ഫീസ് ഇല്ല എന്ന അവസ്ഥയിലേയ്ക്കാണ് കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്. ഇപ്പോഴത്തെ പ്രോസ്പെക്ടസ് അനുസരിച്ച് മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റിന് ഫീസ് നിശ്ചയിച്ചിട്ടില്ല. സർക്കാർ ക്വോട്ടയിൽ പാവപ്പെട്ടവരെ പഠിപ്പിക്കുമെന്നുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വാഗ്ദാനം നടപ്പിലാക്കാൻ കഴിയുന്നില്ല. കൂത്തുപറമ്പ് വെടിവെയ്പിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അഞ്ച് രക്തസാക്ഷികളുണ്ടായത് സ്വാശ്രയ കോളേജുകൾക്കെതിരെയുള്ള പോരാട്ടത്തിലാ

ണെന്ന് ഓർക്കണം. സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ മാനേജ്മെന്റുകൾക്ക് അടിയറ വച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഈ രണ്ട് കൊല്ലത്തെ എൽ.ഡി.എഫ്. ഭരണം കൊണ്ടുണ്ടായതാണ്. അഴിമതിക്കെതിരായി പ്രസം ഗിച്ചുനടന്നവരാണ് ഇപ്പോൾ കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനത്തിന്റെ റാങ്ക് ലിസ്റ്റ് അട്ടിമറിച്ചത്. ഈ നിയമനങ്ങൾ ക്യാൻസൽ ചെയ്യണം. ഇതിനെ സംബന്ധിച്ച് സി.ബി.ഐ.യെകൊണ്ട് അന്വേഷിപ്പിക്കണം. വിവാദ പാഠപുസ്തകങ്ങൾ പിൻവലിക്കണം.

<u>പ്രൊഫ.സി.രവീന്ദ്രനാഥ് :</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ, കായിക വിനോദ മേഖലകളിൽ ചരിത്രപരമായ കടമകൾ നിർവ്വഹിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലൂടെ വിദ്യാഭ്യാസ രംഗത്തെ മൂലധന നിക്ഷേപം വർദ്ധിച്ചുവരികയാണ്. കോത്താരി കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ജി.ഡി.പി.യുടെ 6% വിദ്യാഭ്യാസത്തിന് നീക്കിവയ്ക്കണമെന്നാണ്. പക്ഷേ ഇൻഡ്യയിൽ 4% മാത്രമേ നീക്കിവയ്ക്കാൻ കഴിയുന്നുള്ളൂ. വിദ്യാഭ്യാസ രംഗത്ത് കമ്പോളവൽക്കരണം ലോകമെങ്ങും നടക്കുമ്പോൾ അത് തടയാനുള്ള ശ്രമങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. കെ.ഇ.ആർ. ആനുകാലികമായി പരിഷ്ക്കരിക്കണം. പാഠ്യപദ്ധതിയുടെ പരിഷ്ക്കാരം കാലികമായി നടത്തുന്നുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേര ളത്തെ ഇന്ത്യയിലെ ആദ്യത്തെ ഇ-ലേണിംഗ് സംസ്ഥാനമാക്കാനുള്ള ശ്രമം നടന്നുവരികയാണ്. ഈ സർക്കാർ ഏകജാലക സംവിധാനം നടപ്പിലാക്കി. തുടർ സാക്ഷരതയ്ക്ക് ഒരു നയം രൂപികരിക്കപ്പെടണം. വർത്തമാനകാല ആവശ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരിക്കണം. കായിക വിദ്യാഭ്യാസത്തിന് ചരിത്രത്തിൽ ഏറ്റവും വലിയ

ഊന്നൽ നൽകിക്കൊണ്ട് പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നു. സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി നടപ്പിൽ വരുത്തുന്നു. ഓരോ പഞ്ചായത്തിലും കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നു. യുവാക്കളെ ഉൽപാദന മേഖലയിലേയ്ക്ക് നയിക്കുന്ന യുവശക്തി പദ്ധതി ആരംഭിക്കുന്നു. ഇ-ലേണിംഗ്, ഏകജാലകം തുടങ്ങിയ ആധുനിക വിദ്യാഭ്യാസ രംഗത്തെ സംവിധാനങ്ങൾ എല്ലാ മേഖല കളിലും നടപ്പിലാക്കണം. ആധുനിക ബോധന ശാസ്ത്രം അനുസരിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയുടെ കരിക്കുലം പരിഷ്ക്കരിക്കണം. എല്ലാ പഞ്ചായത്തിലും ഓരോ ഹൈസ്ക്കൂൾ എന്ന ലക്ഷ്യവും അതിനുശേഷം പ്ളസ് ടു എന്ന ലക്ഷ്യവും നേടിയെടുക്കണം. എല്ലാ പഞ്ചായത്തുകളിലു മുള്ള സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്ത ണം. എൽ.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ ചരിത്രപരമായ ചില തുടർച്ചകൾ നടപ്പിലാക്കിയില്ലെങ്കിൽ കേരളത്തിന്റെ ജനകീയ വിദ്യാഭ്യാസം നഷ്ടപ്പെടും. 1957-മുതലുള്ള കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ ഘട്ടംഘട്ടമായി നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ മനസ്സിലാക്കാൻ സാധിക്കും. അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവവും സമ്പൂർണ്ണ സാക്ഷരതാ യജ്ഞവും ജനകീയാസൂത്രണത്തിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആസൂത്രിതാധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയതും അതിൽ എടുത്തു പറയാവുന്ന കാര്യങ്ങളാണ്. 2002-ൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കമ്പോളവൽക്കരണം കൊണ്ടുവരുന്നതിന് വേണ്ടി സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിക്കുകയുണ്ടായി. ഈ സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ സാമൂഹിക നിയന്ത്രണം ആവശ്യമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന് കെ.ഇ.ആർ പരിഷ്ക്ക

രണമാണ്. മതനിരപേക്ഷ സിദ്ധാന്തത്തിലധിഷ്ഠിതമായ ദേശീയ പാഠ്യപദ്ധതിയനുസരിച്ച് സംസ്ഥാന പാഠ്യപദ്ധതി രൂപീകരിക്കേണ്ടത് ചരിത്രപരമായ കടമയാണ്. കമ്പോളവൽക്കരണത്തെ നിയന്ത്രിച്ച് ജനകീയതയും സാർവ്വത്രികതയും നിലനിർത്തണം. അങ്ങനെ പാഠ്യപദ്ധതിയിലെ സാമൂഹ്യ വിജ്ഞാന നിർമ്മിതി എന്ന ആശയം പഠിപ്പിക്കുവാൻ അധ്യാപകരെ പ്രാപ്തരാക്കണം. ആധുനിക പാഠ്യപദ്ധതിയനുസരിച്ച് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകേണ്ടത് മതനിരപേക്ഷ പാഠ്യപദ്ധതി ഇവിടെ നടപ്പിലാക്കാൻ ലക്ഷ്യമിട്ട സർക്കാരിന്റെ ചുമതലയാണ്. കാലാനുസൃതമായി വിദ്യാഭ്യാസ മേഖല നവീകരിക്കണം. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിലുൾപ്പെടുത്തണം. എല്ലാ മതങ്ങളുടേയും അവകാശങ്ങൾ നിലനിർത്തുന്നതിന് ഒരു മതനിരപേക്ഷ സാഹചര്യമുണ്ടാക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. അതിനുപകരം വിദ്യാഭ്യാസ രംഗത്ത് വർഗ്ഗീയതയും അരാഷ്ട്രീയവാദവും വളർത്തുവാൻ ശ്രമിക്കുന്ന രാഷ്ട്രീയ ചിന്ത കൊണ്ടുവന്നാൽ അത് കേരളീയ സമൂഹം തള്ളിക്കളയും. മതസംഘടനകൾക്കും ജാതിസംഘടനകൾക്കും ആൾ ദൈവങ്ങൾക്കും നിർണ്ണയിക്കാൻ കഴിയുന്നതാണ് കേരളത്തിന്റെ വിദ്യാഭ്യാസ രാഷ്ട്രീയ അജണ്ട എന്ന ധാരണയുണ്ടാക്കുന്നത് ആത്മഹത്യാപരമാണ്.

<u>ശ്രീ. എം. ഉമ്മർ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. വിവാദ പാഠപുസ്തകം പരിശോധിക്കുന്നതിനായി നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി നിലനിൽക്കുമ്പോൾത്തന്നെ അതുസംബന്ധിച്ച് സാംസ്ക്കാരിക നായകന്മാർ പ്രസ്താവനകളിറക്കുന്നു.

പാഠപുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷയിൽ വന്നിട്ടുള്ള പദപ്രയോഗങ്ങളിലെ തെറ്റ് തിരുത്തണം. എസ്.സി.ഇ.ആർ.ടി.-യെ ഉപയോഗപ്പെടുത്തി പാഠപുസ്തകത്തിന്റെ ലേബലൊട്ടിച്ച് മാർക്സിയൻ ചിന്തകൾ ലഘുലേഖകളായി സർക്കാർ ചെലവിൽ വിതരണം ചെയ്യാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. വിവാദ പാഠപുസ്തകം പോലുള്ള അബദ്ധ ജഡിലങ്ങളായ പുസ്തകങ്ങൾ പിൻവലിക്കാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാകണം. പാഠപുസ്തകങ്ങളുടെ നിലവാരം തകരുന്നു. മലപ്പുറത്ത് രണ്ട് എൽ.പി. സ്കൂളുകൾ അനുവദിക്കണം.

<u>ശ്രീ. രാജാജി മാത്യു തോമസ്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ആധുനിക ബോധന ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾക്കനുസൃതമായി വിദ്യാഭ്യാസ പദ്ധതിയുടെ നവീകരണത്തിനുള്ള ശ്രമങ്ങളാണ് കേരളത്തിൽ നടന്നുവരുന്നത്. മതനിരപേക്ഷതയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സമ്പ്രദായത്തെ പുനഃസംഘടിപ്പിക്കുന്നതിനും ആധുനിക ബോധന സംവിധാനങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും വരുത്തിയ പരിഷ്ക്കാരങ്ങളുടെ ഭാഗമായിട്ടാണ് വിവാദ വിഷയങ്ങളായി മാറിയ പുസ്തകങ്ങളും സംസ്ഥാനത്ത് വന്നിട്ടുള്ളത്. ആധുനിക സമൂഹത്തിനനുസൃതമായി പുത്തൻ തലമുറയെ വാർത്തെടുക്കുന്നതിന് അവശ്യവും അനുയോജ്യവുമായ ശാസ്ത്രീയ പദ്ധതികളാണ് ഇതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഏതെങ്കിലും പരീക്ഷയ്ക്കുവേണ്ടി വിദ്യാർത്ഥിയെ തയ്യാറെടുപ്പിക്കുക എന്നതിലുപരി അവരെ സ്വയം സ്വാംശീകരിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പുതിയ വിദ്യാഭ്യാസ സംവിധാനത്തിന്റെ ലക്ഷ്യം. പാഠപുസ്തകങ്ങളെ വിവാദമാക്കുന്നത് സമൂഹത്തിൽ ഉയർന്നുവരുന്ന ചില പദപ്രയോഗങ്ങളാണ്. രാജ്യത്തും ലോകത്തും

നടപ്പാക്കിവരുന്ന സാമ്പത്തിക സംവിധാനത്തിനനുസൃതമായി വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കിയാൽ മാത്രമേ സമാനമായ നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കപ്പെടാൻ കഴിയുകയുള്ളൂ വിദ്യാഭ്യാസ സമ്പ്രദായത്തിലെ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാൻ പലപ്പോഴും യാഥാസ്ഥിതിക വിഭാഗത്തിന് കഴിയുന്നില്ല. സാമൂഹ്യ നീതിക്കുവേണ്ടിയുള്ള ഏറ്റവും ഫലപ്രദമായ ഉപകരണമായിട്ടാണ് വിദ്യാഭ്യാസത്തെ കാണേണ്ടത്. സാമൂഹ്യനീതി ഉറപ്പു വരുത്തുന്ന ഈ ഗവൺമെന്റിന്റെ ബൃഹത്തായ സംവിധാനങ്ങളെ തകർക്കുന്നതിനുള്ള ശ്രമങ്ങളാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബദലായി ഉയർന്നു വന്നിട്ടുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായി മാറിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്വകാര്യ സ്ഥാപനങ്ങളുമായി മൽസരിക്കാൻ പ്രാപ്തരാക്കി തീർക്കേണ്ട ബാദ്ധ്യത സർക്കാരിൽ നിക്ഷിപ്തമാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കുന്ന തരത്തിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റാൻ ശ്രമിക്കണം. സാംസ്ക്കാരിക രംഗത്തെ പുരോഗതിക്ക് ഊന്നൽ നൽകാൻ കഴിയുന്ന വിധത്തിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റിയെടുക്കണം. കേരള കലാമണ്ഡലം പോലെയുള്ള സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ഗവേഷണ പഠന സംവിധാനങ്ങൾ ജനകീയമാക്കുന്നതു കൂടാതെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതിനും നടപടി സ്വീകരിക്കണം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ സ്പോർട്ട്സ് കൗൺസിലുകൾ

രൂപീകരിക്കുകയും അവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യണം.

ശ്രീ. കെ.എം. മാണി: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഒരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി ആയി ഉയർത്തുന്നതിന് ഭാരത സർക്കാർ തെരഞ്ഞെടുത്തത് കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ ഒരു കാര്യമാണ് എന്ന് കേരള ഗവർണ്ണറെക്കൊണ്ട് നിയമസഭയിൽ പ്രസംഗിപ്പിച്ചതിനുശേഷം ഐ.ഐ.ടി. പദവി ലഭിച്ചില്ലെങ്കിൽ കുസാറ്റ് വിട്ടു കൊടുക്കില്ല എന്ന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രസംഗിച്ചിരിക്കുന്നതു വഴി നിയമസഭയ്ക്ക് നൽകിയ ഉറപ്പുകൾ മുഴുവൻ ഗവൺമെന്റ് നഗ്നമായി ലംഘിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് കേന്ദ്ര സർവ്വകലാശാലയ്ക്കായുള്ള നിർദ്ദേശം അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ അതിനാവശ്യമായ സ്ഥലം ഏറ്റെടുത്തു കൊടുക്കണം. പ്രൊ ചാൻസലർ എന്ന നിലയിൽ കേരള സർവ്വകലാശാല അസിസ്റ്റന്റ് ഗ്രേഡ്-II നിയമനത്തിലെ അഴിമതികൾ പുറത്തു കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിലെ ഫീ റെഗുലേറ്ററി കമ്മിറ്റിയെ നോക്കുകുത്തിയാക്കിക്കൊണ്ട് സ്വാശ്രയ മേഖലയുമായി ഉണ്ടാക്കിയ കരാർ നിയമവിരുദ്ധമാണ്. പ്രസ്തുത മേഖലയിലെ ഫീസ് ഘടനയിലുള്ള അപാകതകൾ പരിഹരിക്കണം. അയൽ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ സംസ്ഥാന സർക്കാരുമായി കരാറിൽ ഒപ്പിട്ട സ്വാശ്രയ പ്രൊഫഷണൽ മാനേജുമെന്റുകൾ ഉയർന്ന നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നത്. അങ്ങനെ ഒപ്പിടാത്ത

കോളേജുകളിൽ കുറഞ്ഞ ഫീസും പാവപ്പെട്ട കുട്ടികൾക്ക് 10 ശതമാനം സ്കോളർഷിപ്പും അനുവദിക്കുന്നുണ്ട്. ഗവൺമെന്റ് വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. വിവാദ പാഠ പുസ്തകത്തിലൂടെ മത നിരാകരണവും ഈശ്വര നിഷേധവുമാണ് പഠിപ്പിക്കുന്നത്. അതുകൊണ്ട് വിവാദ പാഠപുസ്തകം പിൻവലിക്കണം.

ശ്രീ. കെ.പി. മോഹനൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ സർക്കാർ നടപ്പാക്കിയ പാഠ്യപദ്ധതിയുടെ മികവും പഠന രംഗത്തെ കാര്യക്ഷമതയും അദ്ധ്യാപകരുടെ കഠിനമായ പരിശ്രമവും വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയോടുള്ള സമീപനവും രക്ഷിതാക്കളുടെ ഇടപെടലുമാണ് എസ്.എസ്.എൽ.സി.-പ്ലസ് ടു മേഖലകളിൽ വിജയ ശതമാനം വർദ്ധിപ്പിച്ചത്. ഹയർ സെക്കന്ററി സംവിധാനം കൂടുതൽ വിപുലപ്പെടുത്തി കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തണം. വിദ്യാഭ്യാസ കാര്യത്തിൽ മലബാർ മേഖലയ്ക്ക് മുന്തിയ പരിഗണന നൽകണം. പാഠപുസ്തക രംഗത്ത് ഇന്നുണ്ടായിരിക്കുന്ന വിവാദങ്ങൾ അവസാനിപ്പിക്കണം. എസ്.എസ്.എൽ.സി.- പ്ലസ് ടു തലങ്ങളിൽ സർക്കാർ നടപ്പിൽ വരുത്തിയ പാഠ്യപദ്ധതി പരിഷ്ക്കാരം മെഡിക്കൽ എഞ്ചിനീയറിംഗ് രംഗത്തുകൂടി വ്യാപിപ്പിക്കണം. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രൈമറി തലം മുതൽ ആരംഭിക്കണം. പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തു തന്നെ പഠിക്കാൻ അവസരം സൃഷ്ടിക്കുന്നതിന് ഉന്നത വിദ്യാഭ്യസ രംഗത്ത് ജൂൺ, ജൂലായ് മാസങ്ങളിൽ ക്ലാസ്സ് തുടങ്ങുവാനുള്ള നടപടി സ്വീകരിക്കണം. സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം 10-ാം ക്ലാസ്സു വരെയായി വിപുലീകരിക്കണം. വിദ്യാഭ്യാസ രംഗത്ത് കളരിപ്പയറ്റ് അഭ്യസിപ്പിക്കാനും

അതിനെ ദേശീയ ഗെയിംസുമായി ബന്ധിപ്പിച്ച് ഒളിമ്പിക്സ് വരെ എത്തിക്കാനും നടപടി സ്വീകരിക്കണം. മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകത്തക്ക വിധത്തിൽ സ്പോർട്ട്സ് സ്കൂളുകളിലേയും ഡിവിഷനുകളിലേയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം. പുതുതായി നിയമനം ലഭിച്ച കായിക അദ്ധ്യാപകർക്ക് അംഗീകാരം നൽകണം.. തെയ്യം, തിറ എന്നിവ പ്രോൽസാഹിപ്പിക്കാനുതകുംവിധം മലബാറിലെ ഫോക്ക് ലോർ അക്കാഡമിയുടെ പ്രവർത്തനം പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഒരു നാടിന്റെ സംസ്ക്കാരം വിദ്യാഭ്യാസത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഇന്നു വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങളും മേന്മകളും കാണാതെ ആ മേഖലയിലെ ചെറിയ കുഴപ്പങ്ങളെ പർവ്വതീകരിച്ചു കാണിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷയിലെ വിജയശതമാനത്തിന് കാരണം മോഡറേഷൻ സംപ്രദായമാണെന്ന പ്രതിപക്ഷത്തിന്റെ പ്രചരണം അടിസ്ഥാന രഹിതമാണ്. ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് പുരോഗമനപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് സ്വാശ്രയ മാനേജുമെന്റുകളുമായി ഒരു എഗ്രിമെന്റ് വയ്ക്കാത്തതുകൊണ്ടും ഫീസിന്റെ കാര്യത്തിൽ ദീർഘവീക്ഷണമില്ലാത്ത നയം സ്വീകരിച്ചതുകൊണ്ടുമാണ് കേരളത്തിൽ ഉന്നത വിദ്യാഭ്യസ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നത്. ഏഴാം ക്ളാസ്സിലെ പാഠപുസ്തകത്തിൽ മതനിഷേധവും ദൈവനിന്ദയുമാണെന്നാണ് പ്രതിപക്ഷം പറയുന്നത്. മതനിരപേക്ഷതയിൽ ഊന്നിക്കൊണ്ടുള്ള

പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തുന്നത്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സമൂഹത്തിൽ ഗുണമേൻമയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിന് അവസരമൊരുക്കിയ വിദ്യാഭ്യാസ വർഷമായിരുന്നു 2007-2008. അവധിക്കാലത്ത് അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കാനും പഠന നിലവാരം ഉയർത്താനുമുള്ള നടപടി സ്വീകരിച്ചു. എസ്.എസ്.എൽ.സി.ക്ക് ഒറ്റ വിദ്യാർത്ഥിയും പാസ്സാകാത്തതും അഞ്ച് ശതമാനത്തിൽ താഴെമാത്രം വിദ്യാർത്ഥികൾ പാസ്സാകുന്നതുമായ സ്കൂളുകളിലെ പഠന നിലവാരം ഉയർത്താൻ നടപടി സ്വീകരിച്ചു. മലബാർ മേഖലയിൽ ഗവൺമെന്റ് സ്കൂളുകളിൽ പുതിയ പ്ളസ് ടൂ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. പ്രസ്തുത മേഖലയിൽ ഗവൺമെന്റ് സ്കൂളുകളില്ലാത്ത സ്ഥലങ്ങളിലെ മാനേജുമെന്റ് സ്കൂളുകളിൽ പ്ളസ് ടൂ അനുവദിക്കണം. പ്ളസ് ടൂ വേർപെടുത്തിക്കൊണ്ട് നിയമനിർമ്മാണം നടത്തണം. ദുർബല വിഭാഗത്തിൽപ്പെട്ട പതിനായിരം വിദ്യാർത്ഥികൾക്ക് അയ്യായിരം രൂപവീതം സ്കോളർഷിപ്പ് കൊടുക്കാൻ നടപടി സ്വീകരിച്ചത് ചരിത്രത്തിൽ ആദ്യമാണ്. 40 സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചു. പ്ളസ് വൺ പ്രവേശനകാര്യത്തിൽ ഏകജാലക സമ്പ്രദായം ഏർപ്പെടുത്തി. നാലാം ക്ളാസ്സുവരെ മാതൃഭാഷാ പഠനം നിർബന്ധമാക്കി. സ്കൂൾ പാഠ്യപദ്ധതിയെക്കുറിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിപുലമായ ചർച്ച നടത്തി.

ശ്രീ. കെ.ടി. ജലീൽ : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ മേഖല പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുമ്പോൾ പ്രതിപക്ഷം പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയാണ്. കേരള

ത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി സംസ്ഥാന ഗവൺമെന്റ് ഉണ്ടാക്കിയ കരാർ അനുസരിച്ച് 50 ശതമാനം മെറിറ്റ് സീറ്റിൽ 45,000 രൂപ ഫീസിനത്തിൽ ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്കുള്ള അധികാരങ്ങളെ സംബന്ധിച്ച് പ്രാഥമികമായിട്ടെങ്കിലും അവർക്ക് അറിവുണ്ടാകണം. ഗവൺമെന്റ് തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അവരവരുടേതായ പ്രത്യേക താല്പര്യങ്ങളോ വിവേചനാധികാരങ്ങളോ കാണിക്കാൻ പാടില്ല. ഗവൺമെന്റ് സ്കൂളുകളിൽ ആരൊക്കെയായിരുന്നു പഠിച്ചിരുന്നതെന്ന് കേരളീയ സമൂഹത്തെ ബോദ്ധ്യപ്പെടുത്താനും എന്തുകൊണ്ടാണ് ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസരംഗത്ത് പുറകോട്ട് തള്ളപ്പെട്ടതെന്നതു സംബന്ധിച്ചും അവബോധമുണ്ടാക്കാൻ വേണ്ടിയാണ് പ്രസ്തുത പാഠഭാഗം ഉൾപ്പെടുത്തിയിട്ടുള്ളത്. ജാതിപ്പോരും വർഗ്ഗീയതയും വളർത്താൻ വേണ്ടിയാണ് പാഠഭാഗം ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ല. പള്ളികളിൽ എന്ത് ചെയ്യണമെന്ന് തീരുമാനിക്കേണ്ടത് മതപണ്ഡിതന്മാരാണ്; രാഷ്ട്രീയ പാർട്ടികളല്ല. ഇവിടെ ഉണ്ടായിരിക്കുന്ന പാഠപുസ്തക വിവാദവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് എന്തായിരിക്കുമെന്ന് കാത്തിരിക്കാനുള്ള സന്മനസ്സ് പാഠപുസ്തകത്തെ എതിർക്കുന്നവർ കാണിക്കണം. ഇക്കാര്യം വർഗ്ഗീയവത്കരിച്ച്, ജാതീയവത്കരിച്ച് നാട്ടിൽ വിഭാഗീയതയും കുഴപ്പങ്ങളും ഉണ്ടാക്കാൻ ശ്രമിക്കരുത്.

ശ്രീ.മുരളി പെരുനെല്ലി : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. 1957-ൽ ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ അധികാരത്തിൽവന്ന ഗവൺമെന്റ്

വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനപരമായി വരുത്തിയ മാറ്റങ്ങളിൽ അസഹിഷ്ണുത പൂണ്ടാണ് വിമോചന സമരത്തിലൂടെ ആ ഗവൺമെന്റിനെ പിരിച്ചുവിടാനുള്ള സാഹചര്യമുണ്ടാക്കിയത്. വിദ്യാഭ്യാസ കച്ചവടത്തിനെതിരെ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. വിദ്യാഭ്യാസമേഖലയിൽ സർക്കാർ വളരെ ജാഗ്രതയോടുകൂടി ഇടപെട്ടതുകൊണ്ടാണ് എസ്.എസ്.എൽ.സി.ക്ക് വിജയശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചത്. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ്വരെയുള്ള 38 ലക്ഷം കുട്ടികൾക്ക് 46 കോടി രൂപ ചെലവിൽ സൗജന്യപാഠപുസ്തകം വിതരണം ചെയ്യുകയുണ്ടായി. വിദ്യാലയം തുറക്കുന്ന ദിവസംതന്നെ പാഠപുസ്തകം വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചു. മതവിരുദ്ധമെന്ന് ചിത്രീകരിച്ചുകൊണ്ട് പാഠപുസ്തകം തീയിട്ട് നശിപ്പിക്കുന്ന സംസ്ക്കാരശൂന്യമായ നടപടിയാണ് ഇവിടെ ഒരു വിഭാഗം സ്വീകരിച്ചുവരുന്നത്. ദരിദ്രവിഭാഗങ്ങൾക്ക് സൗജന്യമായി വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. പഠനരീതിയിൽ ഗുണകരമായ മാറ്റങ്ങൾ വരുത്തി കുട്ടികളിൽ അറിവ് വർദ്ധിപ്പിക്കുകയെന്ന രീതിയിലാണ് പാഠ്യപദ്ധതി ക്രമീകരിച്ചിട്ടുള്ളത്. കുട്ടികളിൽ വർഗ്ഗീയത കുത്തിവയ്ക്കുന്ന നിലപാടാണ് യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഏഴാം ക്ലാസ്സിലെ പാഠപുസ്കത്തിൽ മതഭ്രാന്തോ മതനിരാസമോ ഒന്നുംതന്നെ ഇല്ലെന്ന് നിരവധി മതപുരോഹിതൻമാരും നേതാക്കളും അഭിപ്രായപ്പെട്ടിട്ടുണ്ട്. നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ചാതുർവർണ്ണ്യത്തെ സംബന്ധിച്ച് കുട്ടികളിൽ ബോധവത്കരണം ഉണ്ടാക്കാൻ ശ്രമിക്കുന്നത് മതനിന്ദയാണെന്ന് പ്രചരിപ്പിക്കുന്നത് ശരിയല്ല. കേവലം വോട്ടിനെ മാത്രം ലക്ഷ്യംവച്ചുകൊണ്ടാണ് പാഠപുസ്തകത്തിലെ മതനിന്ദയുടെ പേരിൽ

സമരത്തിനിറങ്ങിയിരിക്കുന്നത്. സ്കൂളുകളിൽ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയാക്കുന്ന ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളം മാതൃകയാകണം.

ശ്രീ.എ.പി. അനിൽകുമാർ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിദ്യാഭ്യാസരംഗം എത്രമാത്രം സങ്കീർണ്ണവും സംഘർഷവും ആശയക്കുഴപ്പത്തിലുമാണെന്ന് ഇപ്പോൾ നടക്കുന്ന സമരങ്ങളിൽനിന്ന് ബോദ്ധ്യപ്പെടുന്നതാണ്. കേരളത്തിലെ സാംസ്ക്കാരികരംഗം ഇത്രമാത്രം ശ്മശാനമൂകതയിലായ കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ അഭിപ്രായങ്ങൾക്ക് വിലകല്പിക്കാതെ അവരുടെ വായമൂടിക്കെട്ടുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സാഹിത്യ അക്കാഡമി കേരളത്തിലെ സാംസ്ക്കാരിക മേഖലയിൽ കാവലാളായി മാറുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തണം. കഴിഞ്ഞ രണ്ടു വർഷമായി സ്വാശ്രയ വിദ്യാഭ്യാസ രംഗവും പൊതു വിദ്യാഭ്യാസ രംഗവും പരിപൂർണ്ണ തകർച്ചയിലാണ്. പ്രൈമറിതലം മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽവരെ അഴിമതിയും ആശയക്കുഴപ്പവും നിറഞ്ഞുനിൽക്കുകയാണ്. ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകം കേരളത്തിലെ ജനങ്ങൾക്ക് പാപപുസ്തകമാണ്. പാഠ്യപദ്ധതിയിൽ നിലവാരത്തകർച്ചയും അനിശ്ചിതാവസ്ഥയും പ്രകടമാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാൻ കുട്ടികൾ തയ്യാറാകുന്നില്ല. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാവുന്ന ഒരു സ്ഥാപനവും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇവിടെയില്ല. ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലോകനിലവാരത്തിൽ താരതമ്യം ചെയ്ത് യഥാർത്ഥ

വസ്തുത എന്താണെന്ന് മനസ്സിലാക്കണം. എസ്.എസ്.എൽ.സി.ക്ക് ആർക്കും വിജയിക്കാം എന്നുള്ള സാഹചര്യം സൃഷ്ടിച്ചതുവഴി പൊതുവിദ്യാഭ്യാസ മേഖലയിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതിന് കാര്യമായ മാറ്റം വരുത്താൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. സാജുപോൾ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല വളരെ കാര്യക്ഷമമായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണത്തിന്റെ കടന്നാക്രമണത്തെ ചെറുത്തുതോൽപ്പിച്ചുകൊണ്ട് അതിന്റെ മൂല്യങ്ങളേയും ധാർമ്മികതയേയും സംരക്ഷിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കായികക്ഷേമ വകുപ്പ് സമ്പൂർണ്ണവും സമഗ്രവുമായ കായിക നിയമം നടപ്പാക്കുകയും യുവജന ക്ഷേമ ബോർഡിനെ സജീവമാക്കുകയും ചെയ്തു. 2009-ലെ ദേശീയ ഗെയിംസിനുവേണ്ട തയ്യാറെടുപ്പുകൾ ആരംഭിച്ചുകഴിഞ്ഞു. കളരിപ്പയറ്റ്, കേരളോത്സവം എന്നിവയ്ക്ക് ആവശ്യമായ പരിഗണന നൽകാനും എറണാകുളത്ത് സിന്തെറ്റിക് ട്രാക്ക്, മൂന്നാറിലെ ട്രെയിനിംഗ് സെന്റർ, രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി തുടങ്ങി നിരവധി മേഖലകളിൽ മുന്നോട്ടുപോകാനും കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റേയും കായിക വകുപ്പിന്റേയും ഏകോപനത്തിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പാക്കണം. ഇത്തവണത്തെ സന്തോഷ് ട്രോഫി ഫുട്ബോളിന് ഏറ്റ കനത്ത പരാജയത്തെക്കുറിച്ച് പരിശോധിക്കണം. കായിക താരങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഗ്രന്ഥശാലാസംഘത്തിന് ആസ്ഥാനവും മറ്റ് സംവിധാനവും ഏർപ്പെടുത്തുകയും ചെയ്യണം. കുട്ടികളുടെ വികലമായ ചിന്താഗതിക്ക് മാറ്റം വരണം. വിദ്യാഭ്യാസ നയരൂപീകരണത്തിന്റെ കാര്യത്തിൽ മതമേലദ്ധ്യക്ഷന്മാരേക്കാൾ

മുൻഗണന നൽകേണ്ടത് വിദ്യാഭ്യാസ വിചക്ഷണന്മാർക്കാണ്. കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തെ മഹാപ്രതിഭകളാക്കി വളർത്തിയെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ശ്രീ. സി. പി. മുഹമ്മദ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം ഭദ്രമല്ല എന്നുള്ളത് കഴിഞ്ഞ രണ്ടുവർഷത്തെ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. വിദ്യാഭ്യാസ രംഗത്ത് ഒരുപാട് മാറ്റം വന്നിട്ടുണ്ട്. പാഠപുസ്തകം പരിഷ്ക്കരിക്കുന്നതിന് ആരും എതിരല്ല. മാനവികതയും മനുഷ്യ സ്നേഹവും പഠിപ്പിക്കുകയാണെങ്കിൽ ഏറ്റവും അധികം പഠിപ്പിക്കേണ്ടത് ഗാന്ധിയൻ ദർശനവും മഹാനായ രവീന്ദ്രനാഥ ടാഗോറിനെയും പറ്റിയാണ്. മതസൗഹാർദ്ദം പഠിപ്പിക്കുകയാണെങ്കിൽ സന്യാസ ശ്രേഷ്ഠനായ, വിദ്യകൊണ്ട് പ്രബുദ്ധരാവാനും സംഘടിച്ച് ശക്തരാകാനും ആഹ്വാനം ചെയ്ത മഹാനായ ശ്രീനാരായണഗുരുവിൽ നിന്നാണ് തുടങ്ങേണ്ടത്. ഇവർക്കൊക്കെ പാഠപുസ്തകത്തിൽ പ്രസക്തി നൽകാതെ പാഠപുസ്തകം രചിച്ചതിന് പിന്നിലുള്ള രാഷ്ട്രീയമാണ് തിരിച്ചറിയേണ്ടത്. വിദ്യാഭ്യാസ വകുപ്പിന്റെ ഭരണത്തിൽ യുക്തിയോ ഭദ്രതയോ ഇല്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ട എന്നു പറഞ്ഞവർ ആറു തവണ നിലപാട് മാറ്റി കൂടുതൽ ഫീസും കൂടുതൽ സീറ്റും മാനേജുമെന്റ് രംഗത്ത് ഏർപ്പെടുത്തി. യൂണിവേഴ്സിറ്റികളിലെ ഗവേഷണ പ്രബന്ധങ്ങളിൽ നല്ലൊരു ശതമാനവും 50 വർഷത്തിന് മുമ്പുള്ള വിഷയങ്ങൾ ഉൾക്കൊള്ളുന്നവയാണ്. നാലാം ക്ളാസ്സും പത്താം ക്ളാസ്സും പാസ്സായി രാഷ്ട്രീയ രംഗത്തു വന്ന ചില രാഷ്ട്രീയക്കാരെങ്കിലും ഐ.എ.എസ്., ഐ.പി.എസ്. രംഗത്തെ ഉദ്യോഗസ്ഥരെ ഭരിക്കുന്ന

വിരോധാഭാസമായ കാഴ്ച കാണാൻ സാധിക്കും. വിദ്യാഭ്യാസ രംഗത്തെ സങ്കൽപ്പങ്ങൾ മാറണം. വിവാദ പാഠപുസ്തകത്തിലെ അന്ധവിശ്വാസം നിമജ്ജനം ചെയ്യാനും ജാതീയതയ്ക്കെതിരെയുള്ള പരാമർശം ഒഴിവാക്കാനും സാധിക്കണം. സർവ്വകക്ഷി യോഗം വിളിച്ച് ഇതിനെക്കുറിച്ച് ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. സാംസ്ക്കാരിക രംഗത്തെ പ്രഗൽഭനായ പാലാ നാരായണൻ നായരുടെ ഭൗതിക ശരീരം കാണാൻ സാഹിത്യ അക്കാഡമിയിലെ ഒരാൾ പോലും ചെന്നില്ല എന്നുള്ളത് ദു:ഖകരമാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഒരു നാടിന്റെ പുരോഗതിയും ഭൗതിക വികാസത്തിന്റെ അടിത്തറയും ആ നാട്ടിൽ നിലനിൽക്കുന്ന ശാസ്ത്രീയമായ യുക്തിഭദ്രമായ വിദ്യാഭ്യാസ നടപടിക്രമമാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റം വരുത്താൻ സഹായിക്കുന്ന നൂതനമായ നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് ഒരു നിലവാരവും ഇല്ലെന്ന് വരുത്തിത്തീർക്കാൻ ബോധപൂർവ്വമായ ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. വർഷങ്ങളായി വിദ്യാഭ്യാസ വകുപ്പിൽ ഗുണകരമായ മാറ്റം ഉണ്ടാക്കിയെടുക്കാനുള്ള പരിശ്രമം നടന്നതിന്റെ ഫലമായാണ് ഈ വർഷം 92 ശതമാനം റിസൽട്ട് ഉണ്ടാക്കാൻ സാധിച്ചത്. വിദ്യാഭ്യാസ വകുപ്പിന്റെയും പൊതു സമൂഹത്തിന്റെയും സംയോജിതമായ ഇടപെടലിന്റെ ഭാഗമായിട്ട് ഉണ്ടാക്കിയെടുത്തതാണ് ഈ നേട്ടം. ഇതിന്റെ ഭാഗമായി എട്ടാം ക്ലാസ്സുവരെയുള്ള പാഠപുസ്തകം സൗജന്യമായി കൊടുക്കാനും പുസ്തക ഭാരം കുറയ്ക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി പുസ്തകം

പ്രസിദ്ധീകരിക്കാനും തീരുമാനിച്ചു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കൺസെപ്റ്റിന്റെ അടിസ്ഥാനത്തിൽ നല്ല നിലവാരമുള്ള പുസ്തകം കുട്ടികൾക്ക് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും നാലാം ക്ളാസ്സുവരെ മാതൃഭാഷ നിർബന്ധമായി പഠിപ്പിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. മലബാർ മേഖലയിൽ പുതിയ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകൾ അനുവദിക്കുകയും സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്ത നടപടി ശ്ലാഘനീയമാണ്. വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പിലാക്കിയ നല്ല കാര്യങ്ങളെ അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. 7-ാം ക്ലാസ് പാഠപുസ്തകത്തിലൂടെ മതനിഷേധവും കമ്മ്യൂണിസവും പ്രചരിപ്പിക്കുന്നുവെന്ന പ്രതിപക്ഷത്തിന്റെ വാദഗതി അടിസ്ഥാനരഹിതമാണ്. സർക്കാർ അംഗീകരിച്ച പാഠ്യവിഷയം പഠിപ്പിക്കില്ലെന്ന ചില സ്ക്കൂൾ അധികൃതരുടെ ഭരണഘടനാവിരുദ്ധമായ പ്രവൃത്തി അനുവദിക്കാൻ പാടില്ല. കേരളത്തിലെ കർഷക സമരമുൾപ്പെടെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ എല്ലാ സമരങ്ങളുടെയും യഥാർത്ഥ ചരിത്രം കുട്ടികൾ അറിഞ്ഞിരിക്കേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നല്ല നടപടികൾക്കെതിരെ പുകമറ സൃഷ്ടിച്ച് മതം, ജാതി, രാഷ്ട്രീയം എന്നിവയുടെ പേരിൽ വിദ്യാഭ്യാസ മേഖലയെ തകർക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം ഉപേക്ഷിക്കണം.

<u>ശ്രീ. എൻ. രാജൻ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇന്റർനെറ്റ് സംവിധാനത്തിലൂടെയുള്ള ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം പണ്ടത്തേതിൽ നിന്ന് പാടെ മാറിയിരിക്കുന്നു. ഏഴാം ക്ലാസ് പാഠപുസ്തകത്തിനെതിരെ സമരം ചെയ്യുന്ന പ്രതിപക്ഷം യു.ഡി.എഫ്.

സർക്കാരിന്റെ സമയത്ത് ഇറക്കിയ എട്ടാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ കമ്മ്യൂണിസ്റ്റ് ചരിത്രം പ്രതിപാദിച്ചിരിക്കുന്ന കാര്യം വിസ്മരിക്കുകയാണ്. ഇൻഡ്യൻ സാംസ്ക്കാരിക രംഗത്തെ അമേരിക്കൻ സാമ്രാജ്യത്വ ശക്തികളുടെ കടന്നു കയ്യേറ്റത്തെ ഒത്തൊരുമിച്ച് എതിർക്കണം. ഇതിന് സാംസ്ക്കാരിക രംഗത്ത് കൂട്ടായ ബോധവൽക്കരണം ഉണ്ടാകണം. .കിളിമാനൂർ കൊട്ടാരത്തിൽ രാജാരവിവർമ്മയ്ക്ക് ഉചിതമായ സ്മാരകം പണിയണം. ആവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കി അവിടെ ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതോടൊപ്പം കിളിമാനൂർ കൊട്ടാരം സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്തണം. കിളിമാനൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണം. പഞ്ചായത്ത്-ജില്ലാ-സംസ്ഥാന തലങ്ങളിൽ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ച് സ്പോർട്ട്സ് രംഗം ജനകീയവൽക്കരിക്കാനുള്ള ശ്രമങ്ങൾ ശ്രദ്ധേയമാണ്. ബഹിരാകാശ ഗവേഷണ കേന്ദ്രം തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങൾ സർക്കാരിന്റെ സമുചിതമായ ഇടപെടലിലൂടെ സംസ്ഥാനത്തിന് അനുവദിച്ചുകിട്ടി. കൊച്ചി സർവ്വകലാശാലയെ രാജ്യാന്തര നിലവാരത്തിലാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി സംസ്ഥാനത്തെ കുട്ടികളുടെ വിദ്യാഭ്യാസം ലോക നിലവാരത്തിലെത്തിക്കാൻ ഈ വകുപ്പ് പരിശ്രമിക്കുകയാണ്. സാക്ഷരതാ വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. രണ്ടുവർഷംകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകം

കൊടുക്കാൻ തീരുമാനിച്ചു. എസ്.എസ്.എൽ.സി/പ്ലസ് ടൂ വിജയശതമാനത്തിൽ വർദ്ധനവുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ഒന്നാം ക്ലാസ് മുതൽ മാതൃഭാഷ നിർബന്ധമാക്കി. ദുർബലവിഭാഗത്തിൽപ്പെട്ട പതിനായിരത്തിൽപ്പരം വിദ്യാർത്ഥികൾക്ക് സാമ്പത്തികാനുകൂല്യം നൽകി. സമയബന്ധിതമായ ഇടപെടൽ മൂലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി പോലുള്ള കേന്ദ്രസ്ഥാപനങ്ങൾ സംസ്ഥാനത്തിന് അനുവദിച്ചു കിട്ടി. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമം നടത്തി. സമ്പൂർണ്ണ കായിക ക്ഷമത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാനും കായിക സംസ്ക്കാരം വളർത്തിയെടുക്കാനും സാധിച്ചു. വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങളിലൂടെ മത-ജാതി നിഷേധവും കമ്മ്യൂണിസവും പഠിപ്പിക്കുന്നുവെന്ന പ്രതിപക്ഷ പ്രചരണം അടിസ്ഥാനരഹിതമാണ്. സമൂഹത്തിൽ പൊതുരംഗത്ത് പ്രവർത്തിക്കുന്നവരും, വിദ്യാഭ്യാസ വിചക്ഷണരും രാഷ്ട്രീയ നേതാക്കളും വിവിധ മതനേതാക്കളും പ്രതിപക്ഷത്തിന്റെ പൊള്ളയായ ഈ വാദത്തിനെതിരാണ് എന്ന വസ്തുത സുവ്യക്തമാണ്. ആധുനിക സമൂഹത്തിൽ നിരീശ്വരവാദവും കമ്മ്യൂണിസവും പഠിപ്പിക്കുന്നത് തെറ്റല്ല. ദൈവചിന്തയും പഠിപ്പിക്കണം. എല്ലാ മേഖലകളിലും തുറന്ന സമീപനമെടുക്കുകയും ശരിയായ നിലനിൽപ്പിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ആളാണ് യഥാർത്ഥ മനുഷ്യൻ. കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം നടപ്പിലാക്കിയത് 1957-ൽ ആദ്യമായി അധികാരത്തിൽവന്ന

ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റാണ്. കേരളത്തിലെ തൊഴിലാളി-കർഷക വർഗ്ഗങ്ങളെ ശക്തമായ പ്രസ്ഥാനങ്ങളിലൂടെ വളർത്തിയെടുത്തത് കമ്മ്യൂണിസ്റ്റുകാരാണ്. പാഠപുസ്തകവിവാദം സംബന്ധിച്ച് ഫലപ്രദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ ഭരണഘടനാ ലംഘനവും അറിവിന്റെ കുറവും ദേശീയവിരുദ്ധ നിലപാടുകളും സ്വാതന്ത്ര്യസമരത്തെ പാർശ്വവൽക്കരിക്കുന്ന സമീപനവുമാണുള്ളത്. മതവും മതനിഷേധവും തമ്മിൽ തർക്കമാക്കാൻ ശ്രമിക്കുകയാണ്. സമൂഹത്തിലെ ദളിതർക്കും സാധുക്കൾക്കും ലഭിച്ചുകൊണ്ടിരിക്കുന്ന റിസർവ്വേഷൻ നഷ്ടപ്പെടുത്തുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ജാതിപരമായി ആളുകളെ വേർതിരിക്കുന്ന തിനും വർഗ്ഗീയകലാപങ്ങൾ സൃഷ്ടിക്കുന്നതിനും മുസ്ലീം ഭൂരിപക്ഷ ജില്ല യായ മലപ്പുറത്തുപോലും ഇസ്ലാമിന് രക്ഷയില്ല എന്നുവരുത്തുന്നതിനുമുള്ള തന്ത്രപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. 1957-ൽ അധികാര ത്തിൽവന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് പഠിപ്പിക്കാനുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. ഈ പുസ്തകത്തിൽ കേരളത്തിന്റെ ചരിത്രവുമായി ബന്ധമുള്ള യാതൊന്നുമില്ല. രാജ്യത്തിനുവേണ്ടി പോരാ ടിയവരെ ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്. കമ്മ്യൂണിസ്റ്റ് സൈദ്ധാന്തി കർക്ക് പ്രാധാന്യം കൊടുക്കുന്ന പാഠഭാഗങ്ങളാണ് കൂടുതലുമുള്ളത്. സമൂഹത്തിൽ അക്രമത്തെയും കലാപത്തെയും പ്രോത്സാഹിപ്പിക്കുന്ന പാഠഭാ ഗങ്ങൾ ഒഴിവാക്കണം. ഗവൺമെന്റ് പ്രസിദ്ധീകരണത്തിൽ ദേശീയ പതാ

കയ്ക്കും ഗാന്ധിജയന്തിക്കും അർഹമായ പ്രാധാന്യം നൽകിയിട്ടില്ല. വിവാദങ്ങൾ നിറഞ്ഞ ഈ പാഠപുസ്തകം പഠിപ്പിക്കാൻ അനുവദിക്കുകയില്ല.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഇന്നത്തെ ചർച്ചയിൽ കായികരംഗത്തെക്കുറിച്ച് കാര്യമായ പരാമർശങ്ങളൊന്നും ഉണ്ടായിട്ടില്ല. യു. ഡി. എഫ്. ഭരണകാലത്ത് സ്പോർട്ട്സിനെ അവഗണിക്കുകയാണുണ്ടായത്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ടതാണ് കായികരംഗം. ഇൻഡ്യയുടെ ഏറ്റവും വലിയ ഒരു കായികപ്രതീക്ഷയാണ് കേരളം. കായിക വികസനത്തിന് അടിസ്ഥാന സൗകര്യങ്ങളും, കായികതാരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനവും അത്യാവശ്യമാണ്. കായികരംഗത്ത് സമൂലവും സമഗ്രവുമായ വികസനം ലക്ഷ്യം വച്ചുകൊണ്ട് ഇൻഡ്യയിൽ ആദ്യമായി ഒരു നിയമം നടപ്പാക്കിയ സംസ്ഥാനമെന്ന ഖ്യാതി ഈ സർക്കാരിനാണ്. വരുന്ന സെപ്റ്റംബർ മാസത്തോടുകൂടി പഞ്ചായത്ത് ജില്ല, സംസ്ഥാനതലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സ്പോർട്ട്സ് കൗൺസിലുകൾ നിലവിൽ വരും. സമഗ്രമായ ഒരു സ്പോർട്ട്സ് നയം രൂപീകരിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് ഒരു സ്പോർട്ട്സ് കമ്മീഷനെ നിയമിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആറ് മാസത്തിനുള്ളിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാകും. സ്പോർട്ട്സ് ഒരു കായിക ആരോഗ്യ ശാസ്ത്രമെന്ന നിലയിൽ സ്കൂളുകളിൽ ഹെൽത്ത് സ്പോർട്ട്സ് പാഠ്യ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു. അതിനുവേണ്ടി ഗവൺമെന്റ് നിയമിച്ച സിലബസ് കമ്മിറ്റി റിപ്പോർട്ട് നൽകിക്കഴിഞ്ഞു. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കായികക്ഷമത എന്ന ലക്ഷ്യം വച്ചുകൊണ്ട് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

കേരളത്തിലെ 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികളെ നാല് ഗ്രേഡുകളാക്കി തിരിച്ച് അവർക്ക് ഹെൽത്ത് കാർഡ് നൽകുന്ന പദ്ധതി ഈ വർഷംതന്നെ നടപ്പാക്കും. ഓരോ പഞ്ചായത്തിലും ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു സ്റ്റേഡിയം, ഒരു നീന്തൽക്കുളം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി കേരളത്തിൽ പുതുതായി പതിനായിരം കളിസ്ഥലങ്ങളും ആയിരം സ്റ്റേഡിയങ്ങളും ആയിരം നീന്തൽക്കുളങ്ങളും ഉണ്ടാക്കും. ജില്ലകളിൽ സ്പോർട്ട്സ് കോംപ്ലക്സും, സംസ്ഥാന തലത്തിൽ സ്പോർട്ട്സ് അക്കാദമിയും അന്താരാഷ്ട്ര കായിക സമുച്ചയവും സ്ഥാപിക്കും. കേരളത്തിന്റെ ഫുട്ബോൾ രംഗത്തെ അപചയത്തിന് പരിഹാരം കാണുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഏഷ്യൻ ഫുട്ബോൾ ഫെഡറേഷന്റെ സഹായത്തോടുകൂടി 'വിഷൻ ഇൻഡ്യ പ്രോജക്ട്' എന്ന പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്. ഓരോ ജില്ലയിലും 8 സ്കൂളുകൾ തെരഞ്ഞെടുത്ത് 40 കുട്ടികളെ വീതം ഉൾപ്പെടുത്തി ഇതിന്റെ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. മറ്റൊരു ശ്രദ്ധേയമായ പദ്ധതി കേന്ദ്ര സഹായത്തോടുകൂടി പഞ്ചായത്ത് തലത്തിൽ അടിസ്ഥാന സൗകര്യങ്ങൾക്കും പരിശീലനത്തിനും വേണ്ടിയുള്ള 'പഞ്ചായത്ത് യുവ ക്രീഡ ഖേൽ അഭിയാൻ' പദ്ധതിയാണ്. 2009-ൽ നടക്കാൻ പോകുന്ന നാഷണൽ ഗെയിംസ് കേരളത്തിന് അനുവദിക്കണമെന്ന വിഷയം ഇപ്പോൾ ഇൻഡ്യൻ ഒളിമ്പിക്സ് അസോസിയേഷനും കേന്ദ്രസർക്കാരും തത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞു. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഒരു കോടി രൂപ ഈ പദ്ധതിക്ക് ബിഗ് മണിയായി കെട്ടിവച്ചതായി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി

വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി കേന്ദ്ര സഹായത്തോടെ 500 കോടി രൂപയുടെ സമഗ്രമായ ഒരു കായിക വികസന പദ്ധതിക്ക് സംസ്ഥാനം രൂപംനൽകും. 2009-ൽ ദേശീയ ഗെയിംസ് കേരളത്തിന് ലഭിക്കുമ്പോൾ കേരളത്തിലെ കളരിപ്പയറ്റും വള്ളംകളിയും അതിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ട്. അടുത്ത ഒളിംമ്പിക്സിൽ സ്വർണ്ണം നേടുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഓരോ പഞ്ചായത്തിലും 'ഓപ്പറേഷൻ ഒളിമ്പിയ' പദ്ധതി നടപ്പാക്കും. ദേശീയ, അന്തർദേശീയ നിലവാരത്തിലേക്ക് കുട്ടികളെ പരിശീലിപ്പിക്കുന്നതിനു വേണ്ടി മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് സ്പോർട്ട്സ് സെന്റർ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും കേരളത്തിൽ കഴിഞ്ഞ അഞ്ചു വർഷമായി നടക്കാതിരുന്ന സ്പോർട്ട്സ് ക്വാട്ടാ നിയമനം പുനരാരംഭിച്ചു. പോലീസ് വകുപ്പിലെ നിയമനങ്ങളിൽ 10 ശതമാനം സ്പോർട്സ് ക്വാട്ടയിൽനിന്ന് നിയമിക്കാൻ തീരുമാനിച്ചു. ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ഒരു സ്പോർട്ട്സ് ടീം എന്ന തത്വം അംഗീകരിച്ചു. ഇൻഷ്വറൻസ് കമ്പനിയുമായി ആലോചിച്ച് സ്പോർട്ട്സ് കൗൺസിലിന്റെ പരിധിയിൽപ്പെടുന്ന എല്ലാ കായികതാരങ്ങളേയും ഉൾപ്പെടുത്തി ഒരു സ്പോർട്ട്സ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും. വൈമാനിക പരിശീലനം നൽകുന്നതിന് രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം പുനരാരംഭിച്ചു. ജൂലായ് 23-ന് ആദ്യബാച്ചിന്റെ ട്രെയിനിംഗ് ആരംഭിക്കും. കേരള യൂത്ത് ഫോറത്തിൽ യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഒരു യുവജന നയം ചർച്ചചെയ്ത് അംഗീകരിച്ചിട്ടുണ്ട്. അത് ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സേവന തൽപ്പരരായ

കേരളത്തിലെ യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ടുള്ള യുവജന കർമ്മസേന 14 ജില്ലകളിലും ഒരു വർഷത്തിനുള്ളിൽ ആരംഭിക്കും. കാർഷിക മേഖലയിൽ നിന്ന് പിൻതിരിയുന്ന യുവജനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് യുവ കാർഷിക ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കും. കായിക വികസനത്തിനും യുവജനക്ഷേമത്തിനും വേണ്ടിയുള്ള ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഈ ഗവൺമെന്റ് വിദ്യാഭ്യാസമേഖലയ്ക്ക് തുക വകയിരുത്തുന്നതിൽ പ്രത്യേക പരിഗണനയും മുൻഗണനയും നൽകിയിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മൊത്തം വികസനച്ചെലവിന്റെ 37.3 ശതമാനമാണ് വിദ്യാഭ്യാസത്തിനായി വകയിരുത്തിയിരുന്നത്. ഈ ഗവൺമെന്റ് ആദ്യത്തെ രണ്ടു വർഷങ്ങളിൽ 41.7 ശതമാനമായി ഇത് വർദ്ധിപ്പിച്ചു. 4.5 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2006 മേയ് മാസത്തിൽ 928 കോടി രൂപയാണ് വാർഷിക വിദ്യാഭ്യാസ ചെലവിനായി വിനിയോഗിക്കപ്പെട്ടത്. ഈ ബഡ്ജറ്റിൽ 1332 കോടി രൂപ വിദ്യാഭ്യാസത്തിനായി വകയിരുത്തിയിട്ടുണ്ട്. 38 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങൾക്കാണ് മൂൻതൂക്കം നൽകുന്നത്. ഓരോ വീട്ടിൽ നിന്നും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവനയായി സ്വീകരിക്കുന്ന ഒരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസത്തിന്റ ഗുണമേൻമ വർദ്ധിപ്പിക്കാനുള്ള

പ്രവർത്തനങ്ങളിൽ സംസ്ഥാന ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പും കൂടുതൽ ശ്രദ്ധചെലുത്തുന്നുണ്ട്. വളരെ മോശമായിട്ടുള്ള സ്കൂളുകളിലെ എസ്.എസ്എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് രൂപം നൽകിയ പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ 'വിദ്യാഭ്യാസ മന്ത്രിയുടെ പ്രത്യേക പദ്ധതി' എന്ന പേരിൽ 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അധ്യാപകർ രാത്രികാലങ്ങ ളിൽപ്പോലും പ്രത്യേക ട്യൂഷൻ കൊടുത്തതിന്റെ ഫലമായിട്ടാണ് ചരിത്ര വിജയം നേടാനായത്. സംസ്ഥാന തലത്തിൽ ആസൂത്രണം നടത്തുക, മോണിറ്ററിംഗ് നടത്തുക, ധനസഹായം നടത്തുക എന്നിവയാണ് ചെയ്തത്. കേന്ദ്ര സർക്കാർ അനുവദിച്ച അഞ്ച് കോടി രൂപയിൽ പകുതി ഫണ്ട് മാത്രം വിനിയോഗിച്ചുകൊണ്ടാണ് ആദ്യ വർഷത്തിൽ 104 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയത്. ലക്ഷദ്വീപിൽ മാത്രമാണ് പഴയ രീതിയിലുള്ള പരാ ജയം ആവർത്തിച്ചത് എന്ന സ്വയം വിമർശനാത്മകമായ കുറ്റം കൂടി ഗവൺമെന്റ് ഏറ്റെടുക്കുന്നു. 'ഡി' പ്ലസ് നേടി കഷ്ടിച്ച് ജയിക്കുന്നതിന് പകരം ആ കുട്ടികളെ 'സി'-യെങ്കിലും വാങ്ങുന്ന വിധമാക്കി ഉയർത്തണമെന്ന ഉദ്ദേശ്യത്തോടെ No 'D' plus എന്ന ക്യാമ്പയിൻ സ്കൂൾ തലത്തിൽ നടത്തിയതിന്റെ ഫലമായി കോഴിക്കോട് ജില്ലയിൽ 'ഡി' പ്ലസിന് മുകളിൽ ഗ്രേഡ് നേടി വിജയിച്ചവർ 85 ശതമാനമാണ്. വിദ്യാഭ്യാസത്തിന്റെ ഗുണ മേൻമ വർദ്ധിപ്പിക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ താഴെത്തട്ടി ലുള്ള പഞ്ചായത്തുകളുൾപ്പെടെ ആസൂത്രിതമായ സംഘടനാ പ്രവർത്തനം നടത്തിയിട്ടുണ്ട്. എം.പി. മാരും എം.എൽ.എ. മാരും പി.ടി.എ. കളും അധ്യാപക സമൂഹവും നിർവ്വഹിച്ചിട്ടുള്ള മാതൃകാപരമായിട്ടുള്ള പ്രവർത്തന

ത്തിലൂടെ ഇതിന് കഴിഞ്ഞുവെന്നത് പ്രശംസനീയമാണ്. ഒരു വർഷത്തിൽ പത്ത് അവധി ദിവസങ്ങളിലെങ്കിലും അധ്യാപകർക്ക് പരിശീലനം നൽകുന്ന പരിപാടി നടപ്പാക്കാൻ സാധിച്ചു. ഒരു വർഷം ചുരുങ്ങിയത് 200 അധ്യയന ദിവസങ്ങളെങ്കിലും ഉണ്ടായിരിക്കണമെന്നാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ 240 മുതൽ 245 വരെ അധ്യയന ദിവസങ്ങളുള്ളപ്പോൾ കേരളത്തിൽ ആകെ 174 ദിവസങ്ങൾ മാത്രമാണുള്ളതെന്ന സത്യം ദു:ഖകരമാണ്. രണ്ട് വർഷത്തെ ശ്രമഫലമായി അത് 196 ദിവസമാക്കാൻ കഴിഞ്ഞുവെന്നതിൽ അഭിമാനമുണ്ട്. 40 സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ സാധിച്ചു. ഷിഫ്റ്റ് സമ്പ്രദായം തുടരുന്ന സ്കൂളുകളിൽ അത് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ഓൺ-ലൈൻ സംവിധാനത്തിലൂടെ അധ്യാപകരുടേയും എ.ഇ.ഒ. മാരുടേയും സ്ഥലം മാറ്റം സുതാര്യമായി നിർവ്വഹിക്കാൻ കഴിഞ്ഞു. സ്കൂളുകളിൽ പൊതു ജനാധിപത്യവേദി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുകയും പെൺകുട്ടികൾക്കും സ്കൂൾ പാർലമെന്റ് സംവിധാനത്തിൽ തുല്യ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ ആവിഷ്ക്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പി.ടി.എ. യുടെ രൂപവൽക്കരണം സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. അമ്പത് വർഷത്തെ പഴക്കമുള്ള കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമവും പരിഷ്ക്കരിക്കുന്നതിന്റെ ഒരു ഘട്ടം പൂർത്തിയാവുകയും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളുമായി ചർച്ച ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സുനാമി ബാധിത പ്രദേശങ്ങളിലെ

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി 64 കോടി രൂപയുടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സുനാമിയിലകപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക 6.50 കോടി രൂപയിൽനിന്നും 11 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞതും സമയോചിതമായ പരിശ്രമങ്ങൾ മൂലം 37,000 ത്തിൽപ്പരം കുട്ടികൾക്ക് ആനുകൂല്യം ലഭിക്കത്തക്കവണ്ണം കേന്ദ്രത്തിൽനിന്ന് ഫണ്ട് നേടിയെടുക്കാൻ കഴിഞ്ഞതും ഈ സർക്കാരിന്റെ നേട്ടമാണ്. ഹൈസ്കൂൾ തലങ്ങളിൽ ഉച്ചഭക്ഷണം വ്യാപിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് എട്ടാം ക്ലാസ്സിലേയും ഒമ്പതാം ക്ലാസ്സിലേയും കുട്ടികൾക്ക് ഭക്ഷണം കൊടുക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 18 വയസ്സുവരെയുള്ള കുട്ടികളുടെ കാനേഷുമാരി എടുക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതുപ്രകാരം 18 വയസ്സ് വരെയുള്ള മുഴുവൻ കുട്ടികൾക്കും വ്യക്തിഗത തിരിച്ചറിയൽ കാർഡ് നൽകും. ആരോഗ്യ വകുപ്പുമായി ചേർന്ന് ഹെൽത്ത് കാർഡ് എന്ന സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്. എസ്.എസ്.എ. യുടെ ഭാഗമായി നൂറിന് നൂറ് എന്ന പരിപാടിയിലൂടെ ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിലെ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനായി ഒരു നൂതന രീതി പരീക്ഷണാടിസ്ഥാനത്തിൽ നൂറ് പഞ്ചായത്തുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മറ്റ് പഞ്ചായത്തുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുമുണ്ട്. ഗവൺമെന്റ് സ്കൂളുകളുടെ ഗുണനിലവാരം

മെച്ചപ്പെട്ടതിന്റെ ഫലമായി കലവൂരിൽ മൂന്ന് അൺ-എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുകയുണ്ടായി. ഗ്രാമീണ മേഖലയിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, പോളീടെക്നിക്ക് എന്നിവ സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അവയുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കാൻ 150 കോടി രൂപയുടെ പദ്ധതിയാണ് ഗവൺമെന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ 10 വർഷമായി സർക്കാർ-എയിഡഡ് മേഖലകളിൽ കോളേജ് തലത്തിൽ നിലനിന്നിരുന്ന അദ്ധ്യാപക നിയമനത്തിനുള്ള നിരോധനം ഈ ഗവൺമെന്റ് അവസാനിപ്പിക്കുകയും 642 അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങളെ യു.ജി.സി. ചെയർമാൻ ശ്ലാഘിക്കുകയുണ്ടായി. കോഴിക്കോട് അറബിക് പഠന കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. രാജാരവിവർമ്മയുടെ പേരിൽ ഒരു പഠന കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട്പോകുകയാണ്. കിളിമാനൂരിൽ അദ്ദേഹത്തിന്റെ സ്മാരകം ഉയർത്തണമെന്ന ആവശ്യം ഗവൺമെന്റ് ഗൗരവത്തോടുകൂടി പരിഗണിക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് 3000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപം നേടാൻ കഴിഞ്ഞൂയെന്നുള്ളത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ഇന്ത്യയിലെ തന്നെ ഒരേ ഒരു സ്ഥാപനമായ ബഹിരാകാശ പഠന ഗവേഷണ കേന്ദ്രവും 'ഐസർ' (ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്) തിരുവനന്തപുരത്ത് ആരംഭിച്ചു കഴിഞ്ഞു. രണ്ട് കേന്ദ്ര സർവകലാശാലകളിൽ ഒന്ന് മലബാറിലും ഒന്ന് കാസർഗോഡും ആരംഭിക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. തൃശ്ശൂരിൽ നെടുമ്പാ

ശ്ശേരി വിമാനത്താവളത്തിനടുത്തായി അന്താരാഷ്ട്ര സർവ്വകലാശാല ആരംഭിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അനന്തകൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് കുസാറ്റ് ഉൾപ്പെടെ ഇൻഡ്യയിലെ 5 സ്ഥാപനങ്ങളെ ഐ.ഐ.റ്റി. നിലവാരത്തിലുള്ള ഐ.എസ്.റ്റി. ആയിട്ട് ഉയർത്തുന്നതിന് തീരുമാനിച്ചു. 518 കോടി രൂപയാണ് കുസാറ്റിന് നൽകാൻ ആ കമ്മിറ്റി തീരുമാനിച്ചത്. എന്നാൽ അനന്തര ചർച്ചകൾ നടക്കുന്ന ഘട്ടത്തിൽ കുസാറ്റിനെ എൻ.ഐ.റ്റി. നിലവാരത്തിലേയ്ക്ക് തരംതാഴ്ത്താനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചത്. ഈ നിലപാട് കേരളത്തിന്റെ ആത്മാഭിമാനത്തെ വ്രണപ്പെടുത്തുന്നൂവെന്നുള്ളതുകൊണ്ടാണ് ഇതിനെതിരായ സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. സ്വതന്ത്രമായ ഐ.ഐ.ടി. സ്ഥാപനം ലഭിക്കാൻ കേരളത്തിന് അവകാശമുണ്ട്. അതിനാവശ്യമായ സ്ഥലം ലഭ്യമാക്കി ഭൂപടം തയ്യാറാക്കിയിട്ടുണ്ട്. അത് നടപ്പിൽ വരണമെങ്കിൽ എൻ.ഐ.ടി. ആക്ട് ഭേദഗതിപ്പെടുത്തുകയോ ഐ.ഐ.ടി. ആക്ട് കൊണ്ടുവരികയോ വേണം. അതുസംബന്ധിച്ച് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ കത്തിടപാടുകൾ നടക്കുന്നുണ്ട്. ഗവൺമെന്റിന് അതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ട്. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ (കുസാറ്റ്) റീജിയണൽ എഞ്ചിനീയറിംഗ് കോളേജ് തലത്തിലേയ്ക്ക് ഉയർത്തിയാൽ മതിയെന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനം അംഗീകരിക്കാൻ കഴിയില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഇന്ത്യയിലെ ആദ്യത്തെ അപ്ലൈഡ് സയൻസ് കോളേജ് മാനന്തവാടിയിൽ ആരംഭിക്കുകയും ട്രൈബൽ എഞ്ചിനീയറിംഗ് കോളേജ് അട്ടപ്പാടിയിൽ ആരംഭിക്കാനുള്ള നടപടികൾ

കൈക്കൊണ്ടുവരികയുമാണ്. നിലവിൽ വരാൻ പോകുന്ന കേന്ദ്ര ട്രൈബൽ യൂണിവേഴ്സിറ്റിയുടെ ഒരു കാമ്പസ് കേരളത്തിൽ ലഭ്യമാക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് പഠന രംഗത്ത് ഗുണപരമായ മാറ്റമുണ്ടാക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. വിസിറ്റിംഗ് അക്കാഡമിക് പ്രോഗ്രാം എന്ന പദ്ധതി പ്രകാരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പോലുള്ള സ്ഥാപനങ്ങളിലെ അക്കാഡമിക് വിദഗ്ദ്ധർ, വ്യാവസായിക രംഗത്തെ പ്രമുഖർ തുടങ്ങിയവരുടെ സേവനം കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇൻഫോസിസിന്റെ സഹായത്തോടുകൂടി ഐ.എച്ച്.ആർ.ഡി.യും ഐ.ടി.വകുപ്പും സഹകരിച്ച് ഒരു മോഡൽ ഫിനിഷിംഗ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് 50:50 എന്ന അനുപാതം വിദ്യാർത്ഥി പ്രവേശനത്തിന്റെ കാര്യത്തിൽ മാത്രമാണുണ്ടായിരുന്നത്. നിലവിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഭ ഐകകണ്ഠ്യേന അംഗീകരിച്ച സ്വാശ്രയ. നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചതുവഴി 39 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 50 ശതമാനവും സർക്കാരുമായി കരാറിലേർപ്പെട്ട 7 സ്വകാര്യ മെഡിക്കൽ കോളേജുകളിൽ 50 ശതമാനവും സീറ്റുകൾ ഗവൺമെന്റിന് ലഭ്യമായി. കേരള നിയമസഭ പാസ്സാക്കിയ സ്വാശ്രയ നിയമത്തിലെ ഹൈക്കോടതി റദ്ദാക്കിയ വകുപ്പുകളെ സംബന്ധിച്ച് സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരിക്കുകയാണ്. കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയാക്കാൻ അനുവാദം ലഭിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനത്തിന്റെ കാര്യത്തിൽ ഇന്ത്യ അഭിമാനകരമായ നേട്ടമാണ്

കൈവരിച്ചിരിക്കുന്നത്. സ്വാശ്രയ പ്രൊഫഷണൽ മാനേജുമെന്റുകളുമായി ഉണ്ടാക്കിയ കരാർ സംബന്ധിച്ച രേഖകൾ സുപ്രീംകോടതിയുടെ പരിഗണനയ്ക്കു വേണ്ടി സമർപ്പിച്ചിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): സ്വാശ്രയ കരാർ സംബന്ധിച്ച രേഖ സഭയുടെ മേശപ്പുറത്തു വയ്ക്കാൻ വിസമ്മതിക്കുന്ന ഗവൺമെന്റിന്റെ നിലപാടിനോട് യോജിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

( പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

ശ്രീ. എം.എ. ബേബി: ലോക നിലവാരത്തിലേയ്ക്കുയർത്താൻ സഹായകരമായ വിധത്തിൽ കേരളത്തിലെ നിയമ വിദ്യാഭ്യാസത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഡോ. എം.ആർ. മാധവ മേനോന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ലളിത കലാപഠനം മെച്ചപ്പെടുത്താൻ വേണ്ടി ലോക പ്രശസ്ത ചിത്രകാരനായ ശ്രീ. രാമചന്ദ്രന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ സംഗീത വിദ്യാഭ്യാസം ശാസ്ത്രീയമായി നവീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രൊഫ. ടി.എൻ കൃഷ്ണൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പാഠ പുസ്തക വിവാദത്തെ സംബന്ധിച്ച് അറിവിന്റെ കാഴ്ചപ്പാടോടുകൂടി ചർച്ചയിൽ പങ്കെടുക്കേണ്ടവർ രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി കമ്മ്യൂണിസ്റ്റ് അനുഭാവം ഉണ്ടാകുന്നത് മഹാ അപരാധമാണെന്നൊക്കെ പറയുകയുണ്ടായി. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതാക്കന്മാരുടെ കാഴ്ചപ്പാടു പോലും മനസ്സിലാക്കാതെയാണ് പ്രതിപക്ഷം ചർച്ചയിൽ പങ്കെടുത്തത്. വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ വേണ്ടിയാണ് ഗവൺമെന്റ്

ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വിദ്യാഭ്യാസ വികസനച്ചെലവ് 928 കോടി രൂപയിൽ നിന്നും 1332 കോടി രൂപയായി വർദ്ധിച്ചു. ഇത് എസ്.എസ്.എ. യുടെ വിഹിതവും കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണെന്നു പറയുകയുണ്ടായി.. ഇതിൽ എസ്.എസ്.എ.ക്ക് ആകെയുള്ളത് 100 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റ് തരുന്ന 65 കോടി രൂപയും പഞ്ചായത്തുകൾ കൊടുക്കുന്ന 35 കോടി രൂപയും ബഡ്ജറ്റിൽ വരികയില്ല. സംസ്ഥാന ഗവൺമെന്റ് മുടക്കുന്നത് രണ്ടര കോടി രൂപയാണ്. അതു മാത്രമേ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ അവ വോട്ടിനിട്ടില്ല.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII -ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 5.14-ന് പിരിഞ്ഞു.)